# THE SUNDAY SCHOOL

Vol. 2, No. 1, January-March 2016

*രക്ഷാധികാരി*
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ**

*പ്രസിഡന്റ്*
**ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്താ**

*ചീഫ് എഡിറ്റർ*
**ഫാ. ഡോ. റെജി മാത്യു**

*പബ്ലിഷർ*
**ഫാ. കെ.വി. തോമസ്**

*മാനേജിങ് എഡിറ്റർ*
**പ്രൊഫ. ഡോ. ചെറിയാൻ തോമസ്**

*എക്സിക്യൂട്ടീവ് എഡിറ്റർ*
**ജോസഫ് അലക്സാണ്ടർ**


*എഡിറ്റോറിയൽ ബോർഡ്*
**ഫാ. ഡോ. ബിജേഷ് ഫിലിപ്പ്**
**സന്തോഷ് ബേബി എ.കെ.**
**ഡോ. ഐപ്പ് വറുഗീസ്**
**പ്രൊഫ. ജോസ് വി. കോശി**
**ഡോ. വർഗീസ് പുന്നൂസ്**
**വർഗീസ് ജോൺ തോട്ടപ്പുഴ**

*കേന്ദ്രഓഫീസ്*
**ദേവലോകം**
**കോട്ടയം-686004**
**✆ 0481- 2572890**
thesundayschoolossae@gmail.com

**An OSSAE Publication**
Printed at **Alois Graphics**
Kottayam-1. Tel. 0481 2569847
aloisgraphics@gmail.com

## താളുകൾ മറിക്കുമ്പോൾ

- എഡിറ്റോറിയൽ
  **ഫാ. ഡോ. റജി മാത്യു**
- അദ്ധ്യക്ഷ സന്ദേശം
  **ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്താ**
- ആശ്വാസദായകനായ ക്രിസ്തു
  **ഫാ. ഡോ. ജേക്കബ് കുര്യൻ**
- The Risen Christ and the Joy of the World to come
  **ഫാ. ഡോ. ബിജേഷ് ഫിലിപ്**
- ഹാഗിയ സോഫിയ
  **ഡോ. ജോസഫ് പി. വർഗീസ്**
- യേശുക്രിസ്തു—വിദ്യാർത്ഥികൾക്കുള്ള ഉത്തമ മാതൃക
  **ഡോ. പുന്നൂസ് യു. പാഞ്ഞൂർ**
- 'നമ്മുടെ കർത്താവും നോറ്റു'; ആകൽക്കറുസായെ ജയിച്ചു
  **പ്രൊഫ. ഡോ. ചെറിയാൻ തോമസ്**
- സൺഡേസ്കൂൾ എന്റെ വഴികാട്ടി
  **ഡോ. ശൈനോ അന്ന വർഗീസ്**
- Question Bank
- സൺഡേസ്കൂൾ വാർത്തകൾ
- Journal Subscription list
- സൺഡേസ്കൂൾ അറിയിപ്പുകൾ
- സംശയങ്ങൾക്കുള്ള മറുപടി
- പിന്നാമ്പുറം



# എഡിറ്റോറിയൽ

കുട്ടികളുടെയും യുവജനങ്ങളുടെയും മതബോധനവും ആത്മീയപരിശീലനവും നേരിടുന്ന വലിയ വെല്ലുവിളികൾ ഏതെല്ലാമെന്ന് ഈ അടുത്തകാലത്തെ ഒരു ചർച്ച യിൽ വിഷയമായി. ധാരാളം കാര്യങ്ങൾ പലരും നിരത്തിവച്ചുവെങ്കിലും അവയിൽ സുപ്രധാനമായവ താഴെപ്പറയുന്നവയാണ്.

**1. സമയം:** കാർഷികസംസ്കൃതിയിൽനിന്നും നഗരവൽകൃതവും ആധുനികവു മായ കാലഘട്ടത്തിലേക്കു ചേക്കേറിയ മനുഷ്യന്റെ ഏറ്റവും വലിയ വെല്ലുവിളി സമയ ത്തിന്റെ ഉപയോഗമാണ്. അരനൂറ്റാണ്ടുകാലം മുൻപ് മനുഷ്യൻ ധാരാളം സമയം ദൈവീകകാര്യങ്ങൾക്കായി വേർതിരിക്കുമായിരുന്നു. എന്നാൽ ജീവിതശൈലി രൂപാ ന്തരപ്പെട്ടതോടുകൂടി ഒന്നിനും സമയമില്ലാതെയായിരിക്കുകയാണ്. ഭക്ഷണം കഴിക്കു വാൻപോലും വേണ്ടവിധം സമയം ലഭിക്കാത്തവർ ശാന്തമായി ദൈവസന്നിധിയിലി രിക്കുവാൻ എങ്ങനെ പരിശ്രമിക്കും. ഓരോ സെക്കന്റും ഉപയോഗപ്പെടുത്തി ജീവിത ത്തിൽ വിജയം വരിക്കുവാൻ വെമ്പൽകൊള്ളുന്നവരാണ് ഇന്നധികവും

**2. പുരാതനമായ ആരാധനാഭാഷയും ശൈലിയും:** മറ്റെല്ലാ കാര്യങ്ങളിലും ആധുനിക മാറ്റങ്ങൾക്കു വിധേയനായി കഴിയുന്ന മനുഷ്യന് ആരാധനാപരവും വിശ്വാസപരവുമായ കാര്യങ്ങളിൽ മാത്രം പഴഞ്ചനായി നിൽക്കുവാനുള്ള മനസ്സില്ലാ യെന്നുള്ളത് വലിയൊരു വെല്ലുവിളിതന്നെ. കുട്ടികളെയാണ് ഇതേറ്റവും കൂടുതൽ ബാധിക്കുന്നത്. ഭക്ഷണം, വസ്ത്രധാരണം, ആശയവിനിമയം തുടങ്ങിയവയിലെല്ലാം അനുദിനം വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളിൽ മുഴുകിക്കഴിയുന്ന ഒരാളെ ആരാധനാ കാര്യങ്ങളിൽ മാത്രം നൂറ്റാണ്ടുകൾക്കു പിറകിൽ നിർത്തുകയെന്നത് അത്ര എളുപ്പമല്ല.

**3. ഭൗതികവാദം:** തന്റെ അനുഭവങ്ങളിൽ എല്ലാറ്റിനും ഭൗതികമായ മാനങ്ങൾ തേടുന്ന മനുഷ്യർക്ക് അദ്ധ്യാത്മികമായ ഒരടിത്തറ പണിയുക അത്ര എളുപ്പമല്ല. ചെയ്യുന്ന കാര്യങ്ങൾക്കെല്ലാം പ്രതിഫലം ലഭിക്കുക, പഞ്ചേന്ദ്രിയങ്ങളുടെ അനുഭവ തലത്തിൽ എല്ലാം ഉൾക്കൊള്ളുക, ധനവും സ്ഥാനമാനങ്ങളും ആർജ്ജിക്കുന്നതിൽ അമിതമായ താത്പര്യം കാട്ടുക തുടങ്ങിയവയൊക്കെ ഇന്നത്തെ ജീവിതശൈലി യുടെ ഭാഗമാണല്ലോ. തങ്ങളുടെ കുട്ടികൾക്ക് ശരീരസംരക്ഷണത്തിനു ഭക്ഷണവും വസ്ത്രവും നൽകുകയും മാനസികോല്ലാസത്തിനായി മാധ്യമങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്ന മാതാപിതാക്കളിലധികവും അവരുടെ ആത്മിയ വളർച്ചയെപ്പറ്റി അറിവില്ലാ ത്തവരാണ്. തന്റെ കുട്ടിയുടെ ആത്മീയ പരിപോഷണം ഭക്ഷണത്തോടും വിനോദ ങ്ങളോടുമൊപ്പം ഒരവശ്യവസ്തുവാണെന്നുള്ളതു പലരും തിരിച്ചറിയുന്നില്ല.

ഇതിനിടയിലാണ് സൺഡേസ്കൂൾ പഠനത്തിന്റെ പ്രസക്തി. ദൈവവചനവും ആരാധനയും വിശ്വാസസംഹിതകളും മൂല്യബോധനവും സ്വായത്തമാക്കുന്ന കുട്ടി തന്റെ ആത്മാവിന്റെ പരിപോഷണമാണ് നേടുന്നതെന്ന് ഏവരും തിരിച്ചറിയുക തന്നെ വേണം.

സ്നേഹപൂർവ്വം

പ്രാർത്ഥനയോടെ

**ഫാ. ഡോ. റജി മാത്യു**

# MALANKARA ORTHODOX SYRIAN CHURCH

## ORTHODOX SYRIAN SUNDAY SCHOOL ASSOCIATION

Dr.Yakob Mar Irenaios
President

Sion Seminary,Koratty East P.O
Thrissur, Kerala-680 308
Ph: 0480-2732023, 2734818



25 ഫെബ്രുവരി, 2016

## അദ്ധ്യക്ഷസന്ദേശം

പുനർജനിച്ച “ദി സൺഡേസ്കൂൾ” മൂന്നാമത്തെ ചുവടുവയ്ക്കുകയാണ്!

ഓർത്തഡോക്സ് സൺഡേസ്കൂൾ അസ്സോസിയേഷന്റെ പ്രവർത്തനങ്ങളെപ്പറ്റി, അവയുമായി നിരന്തരം സമ്പർക്കത്തിലിരിക്കുന്നവർക്കല്ലാതെ, മറ്റുള്ളവർക്ക്, കാര്യമായ അറിവു ലഭിക്കുന്നില്ല എന്ന കുറവു നികത്തുന്നതിനുദ്ദേശിച്ചുകൂടെയാണ് ഈ പ്രസിദ്ധീകരണം. വിദ്യാഭ്യാസം ചരിത്രപരമായ ഒരു തുടർപ്രക്രിയയാണ്. “എല്ലാവരും ദൈവത്താൽ പഠിപ്പിക്കപ്പെട്ടവരാകും” (യോഹന്നാൻ 6:45; യശയ്യ 54:13) എന്ന പ്രവചനം ചൂണ്ടിക്കാണിക്കുന്ന സത്യം, ഈ പ്രപഞ്ചത്തെയും ജീവന്റെ രൂപങ്ങളെയും ഗതിയെയും പറ്റി, ഇവയെല്ലാം സൃഷ്ടിച്ചവനിൽനിന്നു ഗ്രഹിക്കണമെന്നാണല്ലോ. അങ്ങനെ, സകല ഗുരുസ്ഥാനീയരും മഹാഗുരുവായ കർത്താവിന്റെ പ്രതിനിധികളാണെന്നു വരുന്നു. ആ മഹാഗുരുവിന്റെ അടുത്തേക്കു കുട്ടികളെ കൈപിടിച്ചും വഴിതെളിയിച്ചും എത്തിക്കുമ്പോൾ, എല്ലാവരും അവരറിയാതെതന്നെ ‘പഠിക്കുകയാണ്’. “പഠിക്കുകയാണ്” എന്ന തോന്നലുണ്ടാക്കാത്ത പഠനപ്രണാളിയാണ് ഏറ്റവും ഉത്തമമെന്നു കരുതപ്പെടുന്നത്. ലോകനിയന്താവെന്ന മഹാചൈതന്യത്തിൽനിന്നും കൊളുത്തിയെടുക്കുന്ന ഭദ്രദീപങ്ങളാണ് ഓരോ പാഠഭാഗവും. അതു പ്രകാശിക്കുന്നു എന്ന് ഉറപ്പാക്കി, പഠിതാക്കൾക്കു കൈമാറുന്ന ഉത്തരവാദിത്വമാണ് അദ്ധ്യാപകർക്ക്. രണ്ടുകൂട്ടരും ആ വെളിച്ചത്തിൽത്തന്നെ.

ദൈവഭക്തിയില്ലാതെ അദ്ധ്യാപനവും അദ്ധ്യയനവും അസാധ്യമാണ്. അദ്ധ്യാപകരും കുട്ടികളും ഈശ്വരപ്രാർത്ഥനയോടെമാത്രം “പഠനം” ആരംഭിക്കണം. ബുദ്ധിയും ഓർമ്മശക്തിയും വിശകലനനൈപുണിയും ഉണർത്താൻ ദൈവാത്മാവിനേ കഴിയൂ. സൺഡേസ്കൂൾ പഠനം ആയാലും “സെക്കുലർ” പഠനമായാലും ഇപ്പറഞ്ഞത് ബാധകമായിരിക്കും.


‘ദി സൺഡേസ്കൂൾ’ എന്ന പ്രസിദ്ധീകരണം, വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്കിടയിൽ പാലം നിർമ്മിക്കുന്ന ഉദ്യോഗമാണ് നിർവ്വഹിക്കുന്നത്. ഇക്കൂട്ടരെല്ലാം ഇതു പാരായണം ചെയ്യണം. ഈ മലർ വായിച്ചാസ്വദിക്കുന്ന എല്ലാവരെയും ഇതു തയ്യാറാക്കിയവരെയും ദൈവം അനുഗ്രഹിക്കട്ടെ.

എല്ലാവർക്കും അനുഗ്രഹങ്ങളും നന്മകളും നേരുന്നു,

**ഡോ. യാക്കോബ് മാർ ഐറേനിയോസ്**
**മെത്രാപ്പോലീത്ത**

# ആശ്വാസദായകനായ ക്രിസ്തു

**ഫാ. ഡോ. ജേക്കബ് കുര്യൻ**



ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയുടെ പ്രിൻസിപ്പലായിരുന്ന ഫാ. ഡോ. ജേക്കബ് കുര്യൻ പ്രഗത്ഭനായ വേദശാസ്ത്രപണ്ഡിതനും പ്രഭാഷകനുമാണ്. സൺഡേസ്കൂൾ കോട്ടയം ഭദ്രാസനത്തിന്റെ പ്രഥമ വൈസ്പ്രസിഡന്റായും അച്ചൻ സേവനമനുഷ്ഠിച്ചു.

"ആശ്വാസം" എന്ന പദവും, "ആശ്വാസദായകൻ" എന്ന പദവും വേദപുസ്തകപരമായി വളരെ പ്രാധാന്യമുള്ളവയാണ്. ഇസ്രായേൽ ചരിത്രവുമായി ബന്ധപ്പെട്ടും മാനവരക്ഷയുമായി ബന്ധപ്പെട്ടും ഈ പദങ്ങൾ അർത്ഥം കണ്ടെത്തുന്നു. ഇസ്രായേൽ ചരിത്രം പരിശോധിച്ചാൽ അസീറിയൻ, ബാബിലോണിയൻ, പേർഷ്യൻ, ഗ്രീക്ക്, റോമൻ അധിനിവേശങ്ങളുടെ തുടർചരിത്രങ്ങളുടെ പശ്ചാത്തലത്തിൽ യഹൂദജനം, വിമോചനത്തിന്റെ "ആശ്വാസ"വും വിമോചകനായി പ്രതീക്ഷിച്ചിരുന്ന മിശിഹായിലൂടെ "ആശ്വാസദായകനെയും കാത്തിരുന്നും രക്ഷയുടെ വേദശാസ്ത്രചിന്തയിൽ പാപപതനത്തിൽപ്പെട്ട സൃഷ്ടിക്ക്, യഥാർത്ഥ "ആശ്വാസം" ക്രിസ്തുവിലൂടെയുള്ള വീണ്ടെടുപ്പും യഥാർത്ഥ "ആശ്വാസദായകൻ", ആത്മശരീരമനസ്സുകൾക്കും വ്യക്തിസമൂഹപ്രപഞ്ചബന്ധങ്ങൾക്കും പുതുജീവൻ തരുന്ന യേശുക്രിസ്തുവും ആണ്. ചുരുക്കത്തിൽ, ക്രൈസ്തവ ആധ്യാത്മികതയ്ക്ക് എക്കാലവും സാക്ഷ്യപ്പെടുത്തുവാനുള്ളത് 'ആശ്വാസദായകനായ ക്രിസ്തു"വിനെ മാത്രമാണ്. "ആശ്വാസദായകനായ ക്രിസ്തു"വിനെ പത്തു വ്യത്യസ്ത സാഹചര്യങ്ങളിലൂടെ പുതിയനിയമം പരിചയപ്പെടുത്തുന്നതിനെക്കുറിച്ച് അല്പമായി പരിചിന്തിക്കാം.

### 1. ആധികാരികതയുള്ള ഉപദേശം

യേശുവിനെ ജനങ്ങൾ ശ്രദ്ധിച്ചതു തന്റെ ഉപദേശങ്ങളുടെ ആധികാരികതയിലാണ്. വി. മത്തായിയുടെ സുവിശേഷം 5, 6, 7 അധ്യായങ്ങളിലെ ഗിരിപ്രഭാഷണ വിവരണത്തിനു സമാപനം കുറിക്കുന്നതിപ്രകാരമാണ്. "ഈ വചനങ്ങളെ യേശു പറഞ്ഞുതീർന്നപ്പോൾ പുരുഷാരം അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു. അവരുടെ ശാസ്ത്രിമാരെപ്പോലെ അല്ല, അധികാരമുള്ളവനായിട്ടത്രേ അവൻ അവരോട് ഉപദേശിച്ചത്." (വി. മത്തായി 7:28, 29). യേശുക്രിസ്തുവിന്റെ വാക്കുകൾ, അധ്വാനിക്കുന്നവർക്കും ഭാരംചുമക്കുന്നവർക്കും ദരിദ്രർക്കും ബന്ധിതർക്കും പീഢിതർക്കും ഒക്കെ ആശ്വാസമായിത്തീർന്നു. സഭയുടെ വചനഘോഷണം ആധികാരികമാക്കുന്നതനുസരിച്ച് ആശ്വാസദായകമാകും.

### 2. സൗഖ്യമാക്കുന്ന സാന്നിധ്യം

"സൂര്യൻ അസ്തമിക്കുമ്പോൾ നാനാവ്യാധികൾ പിടിച്ച ദീനക്കാർ ഉള്ളവർ ഒക്കെയും അവരെ അവന്റെ അടുക്കൽ കൊണ്ടുവന്നു. അവൻ ഓരോരുത്തന്റെയുംമേൽ കൈവച്ചു അവരെ സൗഖ്യമാക്കി." (വി. ലൂക്കോസ് 4:40) ആത്മശരീരമനസ്സുകളിൽ സൗഖ്യം നൽകുന്ന യേശുക്രിസ്തുവിന്റെ സജീവസാന്നിധ്യത്തെയാണ് ക്രിസ്തുവിന്റെ ശരീരമായ സഭയിലൂടെ ലോകം അനുഭവിക്കേണ്ടത്. സ്റ്റേജ് ഷോകളിലൂടെ നടക്കുന്ന സൗഖ്യതട്ടിപ്പിന്റെ പ്രകടനങ്ങളെ ഒരിക്കലും സൗഖ്യദായകനായ യേശുവിന്റെ ആശ്വാസസാന്നിധ്യമായി ജനം തിരിച്ചറിയുകയില്ല. സമർപ്പിത വ്യക്തിത്വങ്ങൾ, യേശുവിന്റെ സ്നേഹവാഹികളായി ക്ഷമയോടും നിസ്വാർത്ഥതയോടുംകൂടി രോഗത്തിന്റെ വിവിധ അവസ്ഥകളിലേക്കു കടന്നു

ചെല്ലുമ്പോൾ നടക്കുന്ന സൗഖ്യം ജനം ആശ്വാസത്തോടെ ഉള്ളിലേറ്റും. അവരവിടെ ഏറ്റവും കൂടുതൽ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കപ്പെടും.

### 3. മനുഷ്യരെ പിടിക്കുന്ന മാസ്മരികത

"ഭയപ്പെടേണ്ട, ഇന്നു മുതൽ നീ മനുഷ്യരെ പിടിക്കുന്നവൻ ആകും എന്നു പറഞ്ഞു. പിന്നെ അവർ പടകുകളെ കരയ്ക്ക് അടുപ്പിച്ചിട്ടു സകലവും വിട്ടു അവനെ അനുഗമിച്ചു." (വി. ലൂക്കോസ് 5:11) ശീമോനും സെബദിമക്കളായ യാക്കോബിനും യോഹന്നാനും അത് ഒരു വിസ്മയമായിരുന്നു. ഗന്നേസരേത്ത് തടാകത്തിലെ ആ അത്ഭുതമീൻപിടുത്തം പക്ഷേ, അവരുടെ ആത്മാക്കൾക്ക് **ദൈവവിളി**യുടെ അമൂല്യനിമിഷമായി. അവരുടെ ആത്മാക്കളുടെ ആശ്വാസം ആ ദൈവവിളിയോട് അനുകൂലമായി പ്രതികരിച്ചതിലൂടെ ഉണ്ടായി. ഇതുപോലെ ആശ്വാസദായകനായ ക്രിസ്തു ഇന്നും ചിലർക്കു പ്രത്യേക ആശ്വാസം നൽകി, ആശ്വാസത്തിന്റെ പ്രത്യേക സാന്നിധ്യമായിത്തുടരുന്നു.

### 4. ശബത്തിനും കർത്താവായിരിക്കുന്ന മനുഷ്യപുത്രൻ

നിയമവാഴ്ചയും സാമൂഹികഘടനകളും ജനജീവിതത്തെ വലിഞ്ഞുമുറുക്കി അസഹ്യമാക്കുന്നിടത്തു ശക്തമായ ഒരു പ്രഖ്യാപനം ഉണ്ട്: "മനുഷ്യൻ ശബ്ബത്തു നിമിത്തമല്ല; ശബ്ബത്തു മനുഷ്യൻ നിമിത്തമത്രേ ഉണ്ടായത്. അങ്ങനെ മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവ് ആകുന്നു." (വി. മർക്കോസ് 2:27,28) യേശുവിന്റെ ഈ പ്രഖ്യാപനത്തിന്റെ ആശ്വാസശക്തി അനുഭവിച്ചറിഞ്ഞവരാണ് നീതിക്കുവേണ്ടിയുള്ള സമരങ്ങളിൽ പങ്കുചേരുന്ന ജനങ്ങൾ.

### 5. ധ്യാനാനുഭവത്തിന്റെ ധന്യവക്താവ്

"... അവൻ അവരോട്, നിങ്ങൾ ഒരു ഏകാന്തസ്ഥലത്തു വേറിട്ടുവന്ന് അല്പം ആശ്വസിച്ചുകൊൾവിൻ എന്നു പറഞ്ഞു." (വി. മർക്കോസ് 6:31) ആശ്വാസത്തിന്റെ അനുഭവം, മനസ്സിനെ സ്വാതന്ത്ര്യമായും വികാര വിചാരങ്ങളെ സ്വസ്ഥമായും സൂക്ഷിക്കുവാൻ ശ്രദ്ധിക്കുന്നതിലൂടെ പാലിക്കപ്പെടാമെന്നുള്ള അനുഭവപാഠം യേശു ശിഷ്യർക്കു നൽകി. ആധുനിക ജീവിതത്തിന്റെ പിരിമുറുക്കങ്ങളിൽ യേശുവിന്റെ ആശ്വാസം അന്വേഷിക്കുന്നവർക്ക് യേശുവിനോടുകൂടി അല്പം വേറിട്ടിരിക്കാൻ ശ്രദ്ധ ഉണ്ടായേപറ്റൂ.

### 6. സകലവും നന്നായി ചെയ്യുന്ന സൂക്ഷ്മത

യേശുവിനെ സൂക്ഷിച്ചു വീക്ഷിക്കുവാൻ ശ്രമിച്ച വി. മർക്കോസ് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "അവൻ സകലവും നന്നായി ചെയ്തു." (വി. മർക്കോസ് 7:37) സകലവും നന്നായി ചെയ്യുവാനുള്ള സൂക്ഷ്മത യേശുവിലുണ്ടായിരുന്നുവെന്നതു തന്റെ വിശ്വാസ്യതയെ വർധിപ്പിച്ചു. ഈ വിശ്വാസ്യതയായിരുന്നു, യേശുവിൽ ആശ്വാസം കണ്ടെത്തിയ അനേകായിരങ്ങൾക്ക് യേശുവിലേക്കുള്ള വഴി. സ്വാർത്ഥപരവും പക്ഷപാതപരവുമായ നിലപാടുകൾക്കുപരിയായി നിൽക്കുവാൻ യേശുവിനു കഴിഞ്ഞതിന്റെ ചുരുക്കമാണു സകലവും നന്നായി ചെയ്തുവെന്ന സാക്ഷ്യം.

### 7. എളിമയുടെ പക്ഷം പിടിക്കുന്ന നീതിബോധം

ആശ്വാസദായകനായ യേശു എല്ലായിടത്തും കാണപ്പെട്ടത് എളിമയുടെ പക്ഷംപിടിക്കുന്ന നീതിപ്രവാചകനായിട്ടാണ്. ഒരു ചില്ലിക്കാശ് ഭണ്ഡാരത്തിൽ ഇട്ട വിധവയെയും പാപങ്ങൾ ഏറ്റുപറഞ്ഞ ചുങ്കക്കാരനെയും കരുണകാണിക്കാൻ തോന്നിയ ശമരിയാക്കാരനെയും വസ്ത്രത്തിൽതൊട്ട രക്തസ്രാവക്കാരിയെയും നായ്ക്കുട്ടിയുടെ ഭാവം ഉൾക്കൊണ്ട കനാന്യസ്ത്രീയെയും കണ്ണീർപൊഴിച്ച പാപിനിയെയും ഒക്കെ അവരുടെ പക്ഷത്തുനിന്നു മനസ്സിലാക്കിയ നീതിബോധം അനേകരുടെ ആശ്വാസസ്രോതസ്സായി മാറി.

### 8. കഷ്ടതയുടെയും സഹനത്തിന്റെയും സഹയാത്ര

കഷ്ടതയെ വെറുത്തിരുന്ന ഒരു മനോഭാവത്തിനുപകരം കഷ്ടതയെ സ്വയം സ്വീകരി

ക്കുന്ന ദൈവസ്നേഹത്തിന്റെ അവതാരമായി യേശു വന്നപ്പോൾ, കഷ്ടതയ്ക്കും സഹന ത്തിനും പുതിയ മാനം തെളിഞ്ഞു. ദൈവ ത്തെക്കുറിച്ചുള്ള മനുഷ്യധാരണയ്ക്ക് വിപ്ലവ കരമായ വ്യതിയാനം വരുത്തുന്ന ഒരു ദൈവ പുത്രനെ യേശുക്രിസ്തുവിൽ കാണുന്നു. അതുകൊണ്ടുതന്നെ, കഷ്ടതയിൽ സജീവ സാന്നിധ്യമായി ദൈവികപദ്ധതിയിലേക്കു നമ്മെ നയിക്കുന്ന യേശുക്രിസ്തുവിന്റെ ആശ്വാസസാന്നിധ്യം നിസ്തുലമാണ്.

### 9. മരണത്തിനപ്പുറം ഒരു ജീവന്റെ ഉറപ്പ്

മാനുഷികമായ ഏതൊരാശ്വാസത്തിനും മരണ മെന്ന അതിരുണ്ട്. എന്നാൽ, യേശുക്രിസ്തു വ്യക്തവും ശക്തവുമായ സ്വരത്തിൽ പറ യുന്നു: "എന്നിൽ വിശ്വസിക്കുന്നവൻ മരി ച്ചാലും ജീവിക്കും; ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്ക യില്ല." (യോഹന്നാൻ 11:25-26) മരണത്തിന പ്പുറം ജീവനിൽ തുടരുന്ന ഒരുറപ്പ് ആത്മാ വിന്റെ അനശ്വരമായ ആശ്വാസമാണ്. അത് യേശുവിൽ ഉറപ്പാക്കിയ പൗലോസ്ശ്ലീഹാ പറഞ്ഞു: "വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടു കൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ട്. അതു അത്യുത്തമമല്ലോ." (ഫിലിപ്യർ 1:23).

### 10. പരിശുദ്ധാത്മാവിലൂടെ ആശ്വാസ ത്തിന്റെ തുടരനുഭവം

ലോകത്തിൽ ജീവിച്ച്, മരിച്ച്, ഉയിർത്തെഴുന്നേറ്റ്, സ്വർഗ്ഗാരോഹണം ചെയ്ത യേശുക്രിസ്തു തന്റെ ആശ്വാസത്തിന്റെ തുടർസാന്നിധ്യം വാഗ്ദാനം ചെയ്തത് പരിശുദ്ധാത്മാവിലൂടെ യാണ്. വിശുദ്ധ ത്രിത്വത്തിലെ ആളത്വപരമായ ഐക്യവും സഭയിലെ പരിശുദ്ധാത്മാവിന്റെ അനുഭവവും ചേർത്തു ചിന്തിക്കുമ്പോൾ, ആശ്വാസപ്രദനായ യേശുക്രിസ്തുവും ആശ്വാ സപ്രദനായ പരിശുദ്ധാത്മാവും ഒരേ അനുഭ വത്തിന്റെ സൂചനയാണെന്നേ പറയാൻ പറ്റൂ. "എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും. അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു ആശ്വാസപ്രദനെ (പാരാക്ലിറ്റോസ്-comforter-കാര്യസ്ഥൻ) എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കുതരും." (യോഹ ന്നാൻ 14:16) "സത്യത്തിന്റെ ആത്മാവു വരു മ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും." (യോഹന്നാൻ 16:13). ✦

## ഈസ്റ്റർ തീയതികൾ

- വസന്ത വിഷുവം (Vernal Equinox) ആയ മാർച്ച് 21നോ അതിനു ശേഷമോ വരുന്ന പൗർണ മിയുടെ (Paschal Full Moon Day) പിറ്റെ ഞായറാഴ്ചയാണ് ഈസ്റ്റർ. ഈ പൗർണമി (പെസഹാ ചന്ദ്രൻ) ഞായറാഴ്ച വന്നാൽ ഈസ്റ്റർ അതിനടുത്ത ഞായറാഴ്ചയായിരിക്കും. നിഖ്യാ സുന്നഹദോസ് (എ.ഡി. 325) ആണ് ഈ തീരുമാനമെടുത്തത്. ഈസ്റ്റർ വരാവുന്ന ഏറ്റവും നേരത്തെയുള്ള തീയതി മാർച്ച് 22 ആണ്. ഉദാ:- 1598, 1693, 1761, 1818, 2285. ഏറ്റവും താമസിച്ചുള്ള തീയതി ഏപ്രിൽ 25 ആണ്. ഉദാ: 1666, 1734, 1886, 1943, 2038, 2190. ഗ്രിഗോറിയൻ കലണ്ടർ അടിസ്ഥാനമാക്കിയുള്ള വർഷങ്ങളാണിവ. 2008ൽ മാർച്ച് 23നും 2011ൽ ഏപ്രിൽ 24നും ഈസ്റ്റർ വന്നിട്ടുണ്ട്. ഇക്കൊല്ലം പെസഹാ ചന്ദ്രൻ മാർച്ച് 23നാണ്. യഹൂദന്മാരുടെ പെസഹാപെരുന്നാൾ ഏപ്രിൽ 22 മുതൽ 30 വരെയാണ്.
- ചില രാജ്യങ്ങളിൽ 20 കോടിയോളം ക്രൈസ്തവർ ഈ വർഷം (2016) മേയ് ഒന്നിനാണ് ഈസ്റ്റർ ആഘോഷിക്കുന്നത്. അതായത് മറ്റു ക്രൈസ്തവർ ആഘോഷിച്ച് (മാർച്ച് 27) അഞ്ചാഴ്ച കഴിഞ്ഞാണ് അവരുടെ ആഘോഷം. മലങ്കര, അർമേനിയൻ, ഫിന്നിഷ് എന്നിവ ഒഴികെയുള്ള ഓർത്തഡോക്സ് സഭകളും അസിറിയൻ (കൽദായ) സഭയിൽ ബാഗ്ദാദ് ആസ്ഥാനമായ വിഭാഗവും ചില സ്ഥലങ്ങളിൽ റോമൻ കത്തോലിക്കാ സഭയും ജൂലിയൻ കലണ്ടർ പ്രകാരം ഈസ്റ്റർ തീയതി നിശ്ചയിക്കുന്നതാണ് കാരണം.

# The Risen Christ and the Joy of the World to Come

**Fr. Dr. Bijesh Philip**



Fr. Dr. Bijesh Philip is the principal of Orthodox Theological Seminary, Nagpur and holding the position of 'Director,' OSSAE Outside Kerala Region (O.K.R.)

Every human being is anxious to know about future life. We are sure that we will die one day. This world will also perish one day. Whether the religious wisdom about the life beyond this world is just a gimmick to give hope in this hopelessness? Most of the teachings about life beyond history seem to be expression of human imaginations and ardent desire for immortality. It is the truth of the resurrection of Jesus Christ that encourages us to dare to hope against the hopelessness. Vision of the Crucified and Risen Lord confirms the value and meaning of His teachings regarding the end of history and also the joy of the everlasting world to come. In this light let us have a reflection on eschatology, the teaching regarding the last things. Christian eschatology deals with the new era of the Kingdom of God inaugurated by Christ and also the culmination and completion of historical existence with the second coming of Him in glory.

## Longing to go beyond

Pushing boundaries or going beyond them is characteristic of human explorations. It is quite natural to explore means and ways to solve the issue of the transience and momentary nature of our life. Longing for immortality and a dream to transcend this perishable world is cherished by all generations. The food materials buried with mummies in Egyptian pyramids symbolize this ardent desire. The vision of Nirvana, Moksha or Heaven in different religions are also drawing our attention to this longing for the incorruptible abode. Ancient Indian sages gave expression to this dream through the prayer, "Mruthyoma Amrutham Gamaya." Seeking a better life we move to other regions and countries. These days preparations are going on to take human beings to planets like Mars for a new colonization. By melting the two percent frozen water there we may be able to survive there. After spending billions of dollars, if we reach Mars, death will hound us there too. Perhaps the real search is for a place where there will not be death.

## Dawn of the Coming Day

Dim light of the early morning or dawn is a pointer to the approaching day. Dawn is the beginning of a day. Dawn is both the end of the night and beginning of a day. Likewise Jesus' life and especially His crucifixion and resurrection are the dawn of

guarantee of the end time or beginning of the shifting to the other world which will have no end. Teachings and life of Jesus as a whole give us a vision of the bright eighth day which is beyond the normal seven days of the week. The end of history has been inaugurated in Christ. His miracles overcoming all negativities including death are marks of this glorious inauguration and the beginning of the new era. The ultimate guarantee is resurrection of Jesus trampling down death by death. If the disciples were just cooking up a story about the Risen Lord, they would have mentioned men as the first witnesses of the Risen lord because in those days the witness of women had no value. The fact that women were able to see the Lord after his resurrection is a proof that the gospel accounts about the Risen Lord are records of the actual facts. According to the Pauline teaching more than five hundred people were able to see the Risen Lord (I Corinthians 15:6). So the claim of the followers of Jesus about His bodily resurrection cannot be ruled out as a hallucination experience or dream of one two individuals. When the disciples started spreading the good news of Jesus' resurrection, the easiest thing to suppress that movement was to find out the dead body of Jesus and to display it publicly. The Jewish and Roman authorities who took initiative for crucifying Jesus missed that opportunity to recover his body because Jesus truly rose from death. By seeing the risen Lord, the disciples became bold enough to offer their very life for the cause of Jesus.

### The Second Coming and the Last Things

Second coming of Christ is a fundamental doctrine of Christianity. The Nicene Creed presents Christ as one "who will come again in His great Glory." Jesus Christ who is always with us is seen at present through the eyes of faith. We will see Him face to face when He manifests himself in glory at the end of history. In the end, He will appear in person and we shall see Him no longer by faith but by sight (Rev 1:7). In contrast to the first coming, it will be in full glory and splendor (Mt. 24:30; Titus 2:13). Resurrection of the dead, the last judgment and transfer to the eternal destiny are the last things associated with the second advent. There is a reenactment of Jesus' whole life including His second coming in our Holy Qurbana. When the curtain is unveiled towards the end of Holy Qurbana, the chief celebrant turns to the west and holding Holy Body and Blood walks towards the lay people accompanied by the altar assistants who hold lighted candles. This glorious procession with lots of decorations, light and sound reminds us of the glorious second coming of Lord Jesus Christ.

**Hope of Resurrection**: Soul enters into eternity only in union with the resurrected and transformed body. Jesus Christ was risen from the dead as the first fruits. (I Cor 15:20). Likewise all human beings will rise from the dead on the last day and the following judgement will distinguish the good and the evil.

The risen Lord could walk, stand on the sea shore and bear the marks of the wounds. So, the risen Lord was not just a survival of the ideals. Our faith is that the dead will resurrect like Christ in a transformed body at the end of history or when Christ comes again. As St. Paul says "the Lord Himself will descend from heaven with a shout, with the voice of an archangel, and with the trumpet of God. And the dead in Christ

will rise first" (I Thessalonians 4:16). In I Cor. 15, we read "Now Christ is risen from the dead, and has become the first fruits of those who have fallen asleep… Christ the first fruits, afterward those who are Christ's at His coming" (I Cor. 15: 20-23).

Participation of body too in eternity is a unique teaching of Christianity. This is a unique understanding in contrast to the ancient Greek or Indian thinking focusing on the liberation of human spirit from body which serves as a nest of this bird. Christian vision of bodily resurrection affirms the eternal significance of this historical existence. 'Resurrection of the body' vindicates the goodness of creation. St. Paul, finding the difficulty of participation of the material (flesh and body) in the eternal life, describes the resurrected body as a transfigured one or spiritual one. (1 Cor. 15:35-46). As Paul Tillich puts it "A spiritual body then is a body which expresses the spiritually transformed total personality of man". It affirms the eternal significance of the individual person's uniqueness. The resurrection affirms the certainty of eternal life rising out of the death of temporal life. A new being is not another being, but the transformation of the old being. Reputed Orthodox Theologian Bishop Kallistos Ware writes, "Freed from the grossness of the fallen flesh, the resurrected body will share in the qualities of Christ's human body at the Transfiguration and after resurrection. But, although transformed, our resurrection body will still be in a recognizable way the same body as that which we have now: there will be continuity between the two" (Orthodox Way, p. 136).

The human soul and the human body are interdependent. The separation of body and soul – death, which is due to sin is not final and permanent. At the Second Advent of our Lord, with soul and the risen body united, we shall appear before God.


(to be continued...)

## വചനിപ്പുപെരുന്നാൾ ദുഃഖവെള്ളിയാഴ്ചയിൽ

- ദുഃഖവെള്ളിയാഴ്ച വിശുദ്ധ കുർബാന അർപ്പിക്കാൻ പാടില്ല എന്നാണല്ലോ സഭയുടെ പാരമ്പര്യം. എന്നാൽ അന്നു വചനിപ്പു പെരുന്നാൾ (മാർച്ച് 25) വന്നാൽ വി. കുർബാന കഴിഞ്ഞേ ദുഃഖവെള്ളിയാഴ്ചയുടെ ശുശ്രൂഷകൾ നടത്തുകയുള്ളു. വിരളമായി മാത്രമേ ഇവ ഒരുമിച്ചു വരാറുള്ളൂ.
- പതിനൊന്നു വർഷത്തെ ഇടവേളയ്ക്കുശേഷം 2016 മാർച്ച് 25ന് ദുഃഖവെള്ളിയാഴ്ചയും വചനിപ്പുപെരുന്നാളും ഒരുമിച്ചു വരികയാണ്. ഇനി 141 വർഷം കഴിഞ്ഞ് 2157 ൽ മാത്രമേ ഇങ്ങനെ വരികയുള്ളൂ. ഇത്രയും ദീർഘമായ ഇടവേള ഇതുവരെ ഉണ്ടായിട്ടില്ല; അടുത്ത 2000 വർഷത്തിനിടയിലും സംഭവിക്കുകയില്ല. 2157 കഴിഞ്ഞ് 2168, 2214, 2225, 2236 തുടങ്ങിയ വർഷങ്ങളിലും ഇവ ഒരുമിച്ചുവരും.
- ഏറ്റവും അവസാനം 2005 മാർച്ച് 25നാണ് ഇവ ഒരുമിച്ചുവന്നത്. അതിനു മുമ്പ് 1597, 1608, 1687, 1692, 1771, 1782, 1855, 1866, 1877, 1939, 1950 തുടങ്ങിയ വർഷങ്ങളിൽ ഓദോർ 25 (സുറിയാനി കണക്കിന് മീനം 25)ന് ഇവ ഒരുമിച്ചു വന്നിട്ടുണ്ട്. മലങ്കര സഭ ഗ്രിഗോറിയൻ കലണ്ടർ സ്വീകരിക്കുന്നതിനു (1953) മുമ്പുള്ള കാലമാണിത്.

# ഹാഗിയ സോഫിയാ

പ്രൊഫ. ഡോ. ജോസഫ് പി. വർഗ്ഗീസ്



കോട്ടയം സി.എം.എസ്. കോളജിൽ ബോട്ടണി വിഭാഗം അദ്ധ്യക്ഷനായിരുന്ന ലേഖകൻ നിരണം സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകാംഗമാണ്. ഓർത്തഡോക്സ് വൈദിക സെമിനാരി ഗവേണിങ് ബോർഡ് അംഗം, MGOCSM സീനിയർ വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ലേഖകൻ 40-ൽ അധികം രാജ്യങ്ങളിൽ പഠനപര്യടനം നടത്തിയിട്ടുണ്ട്.


ഹാഗിയ സോഫിയ (Hagia Sophia) എന്ന് ഗ്രീക്കുഭാഷയിലും Sancta Sophia എന്ന് ലാറ്റിനിലും Aya Sofia എന്ന് ടർക്കിഷ് ഭാഷയിലും അറിയപ്പെടുന്ന ഈ അതിപ്രശസ്തദേവാലയം തുർക്കിയിലെ Istanbul-ൽ സ്ഥിതിചെയ്യുന്നു. മധ്യകാലഘട്ടത്തിലെ ഏഴു ലോകാത്ഭുതങ്ങളിൽ ഒന്ന് എന്ന് അറിയപ്പെട്ടിരുന്ന ഈ ദേവാലയം ആയിരം വർഷങ്ങളിലധികം പൗരസ്ത്യ ഓർത്തഡോക്സ് സഭകളുടെ ശ്രദ്ധാകേന്ദ്രമായിരുന്നു. "ദൈവികജ്ഞാനത്തിന്റെ ദേവാലയം" എന്നർത്ഥം വരുന്ന "Shrine of the Holy Wisdom of God" എന്നാണ് Hagia Sophia എന്ന ഗ്രീക്കുപദത്തിന്റെ പൊരുൾ.

ഇന്നു നാം കാണുന്ന ഹാഗിയ സോഫിയാ, അതേ സ്ഥലത്തു പണികഴിക്കപ്പെട്ട മൂന്നാമത്തെ ദേവാലയമാണ്. ഒന്നാമത്തെ ദേവാലയം Constantinos I (AD 312-337) ചക്രവർത്തി പണികഴിപ്പിച്ചതാണ്. AD 404-ൽ പൂർണ്ണമായും അഗ്നിക്കിരയായ ഈ ദേവാലയം Theodosius (AD 408-450) ചക്രവർത്തിയാണ് പുതുക്കിപണിതത്. AD 532-ൽ ഉണ്ടായ വംശീയലഹളയിൽ ഈ ദേവാലയം വീണ്ടും അഗ്നിക്കിരയായി നശിപ്പിക്കപ്പെട്ടു. മൂന്നാമത്തേതും ഇന്നു നാം കാണുന്നതുമായ ദേവാലയസമുച്ചയത്തിന്റെ പണി A.D. 532-ൽ ആരംഭിച്ചു. പതിനായിരത്തിലധികം ജോലിക്കാർ 5 വർഷവും 10 മാസവും 4 ദിവസവുംകൊണ്ട് ഈ പണി പൂർത്തീകരിച്ചു. A.D. 537 ഡിസംബർ 27-നാണ് ഇന്നത്തെ ദേവാലയം ആരാധനയ്ക്കായി തുറന്നത്.

ദേവാലയത്തിൽ ആരാധനയ്ക്കുപയോഗിക്കുന്ന ഭാഗത്തിന് ഏകദേശം 270 അടി നീളം 240 അടി വീതി. ഈ ഭാഗത്തിനു മുകളിലായുള്ള dome ന് 108 അടി വ്യാസം. നിലത്തുനിന്നും 180 അടി പൊക്കത്തിലാണ് dome ന്റെ ഏറ്റവും ഉയർന്ന ഭാഗം. ഡോമിന്റെ താഴെയായി ചുറ്റോടുചുറ്റും 40 ജനലുകൾ പണിതിരിക്കുന്നു. ദിവസം മുഴുവനും ദേവാലയത്തിനുള്ളിലേക്കു സൂര്യപ്രകാശം പ്രവേശിപ്പിക്കത്തവണ്ണമാണ് ഇവയുടെ രൂപകല്പന. ചുവർചിത്രങ്ങളിലും മൊസെയ്ക്കുകളിലും എല്ലാം തട്ടി പ്രതിഫലിക്കുന്ന ഒരു അലൗകിക പ്രകാശം ദേവാലയത്തിനുള്ളിൽ ദിവസം മുഴുവനും ഇതുമൂലം ലഭിക്കുന്നു.

## ഇസ്റ്റാൻബുൾ (Istanbul)

കുസ്തന്തീനോപ്പോലിസ്/കോൺസ്റ്റാന്റിനോപ്പിൾ (Constantinople) 1930 മുതൽ ഇസ്റ്റാൻബുൾ എന്ന പേരിൽ അറിയപ്പെടുന്നു. എ.ഡി. 330-നു മുമ്പുള്ള പേര് ബൈസന്റിയം (Byzantium) എന്നായിരുന്നു. ഇന്ന് തുർക്കി (Turkey) യിലെ ഏറ്റവും വലിയ നഗരമാണ്. രണ്ടാമത്തെ പൊതുസുന്നഹദോസ് (എ.ഡി. 381) ഇവിടെ കൂടി. പൗരസ്ത്യ(Eastern/Byzantine) ഓർത്തഡോക്സ് സഭകളുടെ പ്രധാന മേലദ്ധ്യക്ഷനായ എക്യുമെനിക്കൽ പാത്രിയർക്കീസിന്റെ ആസ്ഥാനം ഇവിടെയാണ്.



"സുവിശേഷസത്യങ്ങൾ പ്രാവർത്തികമാക്കുന്നത് ക്രിസ്തീയ കാര്യവിചാരകത്വത്തിലൂടെയാണ്. അതിനു നമ്മുടെ ഇടവകകൾക്ക് ധാരാളം അവസരങ്ങൾ ഉണ്ട്. സൺഡേസ്കൂളുകൾവഴി ക്രിസ്തീയ കാര്യവിചാരകത്വം നമ്മുടെ കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കാവുന്നതാണ്. കഴിവുള്ള കുട്ടികൾ കഴിവില്ലാത്തവരെ സഹായിക്കുവാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണം. വെറും കൈയോടെ ദൈവസന്നിധിയിൽ വരരുതെന്നുള്ള പ്രമാണം പ്രായോഗികമാക്കണം. ജീവിതം സമ്പൂർണമാണെന്നും ഞായറാഴ്ചത്തെ പ്രത്യേക വിശുദ്ധി തിങ്കൾ മുതൽ ശനിവരെ വിശുദ്ധമാക്കാനാണെന്നും പഠിപ്പിക്കണം. യുവജനസംഘടനകളും ഈ വിഷയം പ്രത്യേക ചർച്ചയ്ക്കു വിധേയമാക്കണം. ദൈവത്തിന്റെ പിതൃത്വവും മനുഷ്യന്റെ സഹോദരത്വവും യേശുക്രിസ്തു വെളിപ്പെടുത്തിയതു സഭ എങ്ങനെ പ്രായോഗികമാക്കാമെന്നു ചിന്തിക്കണം. മറ്റുള്ളവർ അദ്ധ്വാനിച്ചു. അവരുടെ അദ്ധ്വാനഫലത്തിലേക്കു നിങ്ങൾ പ്രവേശിച്ചിരിക്കുന്നു. (വി.യോഹന്നാൻ 4:38) എന്ന കർത്തൃവചനപ്രകാരമല്ലെ മനുഷ്യർ മുഴുവനും ജീവിക്കുന്നത്. ഇതിൽനിന്നും നമ്മുടെ അദ്ധ്വാനഫലത്തിന്മേൽ മറ്റുള്ളവർക്കുള്ള അവകാശം സ്ഥിരീകരിക്കപ്പെടുകയാണല്ലോ ചെയ്യുന്നത്."

Source—"സഭയും സാമൂഹികപ്രതിബദ്ധതയും"
'സഭാരത്നം' **ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്**

**(ഓർമ്മപ്പെരുന്നാൾ ഫെബ്രുവരി 16)**

Hagia Sophia ദേവാലയം ആരാധനാസ്ഥലത്തിനു ചുറ്റുമായി രണ്ടു നിലകളിലാണ് പണിതിരിക്കുന്നത്. അർദ്ധഗോളാകൃതിയിലുള്ള ഡോം ദേവാലയത്തിന്റെ ഘടനയിലെ പ്രധാന ആകർഷണമാണ്.

1453-ൽ തുർക്കി ഓട്ടോമാൻ സാമ്രാജ്യത്തിന്റെ ഭാഗമായതോടെ Hagia Sophia ഒരു മുസ്ലീം ദേവാലയമായി പ്രഖ്യാപിക്കപ്പെട്ടു. ദേവാലയം ഒരു മോസ്ക് ആയതോടെ വി. ത്രോണോസ്, ദേവാലയമണികൾ, വി. കുർബാനയ്ക്കുപയോഗിക്കുന്ന കാസാ, പീലാസാ, തിരുവസ്ത്രങ്ങൾ ഇവയെല്ലാം എടുത്തു മാറ്റപ്പെട്ടു.

1934-ൽ ഒന്നാമത്തെ ടർക്കിഷ് പ്രസിഡന്റായിരുന്ന മുസ്തഫാ കെമാൽ അറ്റാറ്റുർക്കിന്റെ നേതൃത്വത്തിലുള്ള സർക്കാരാണ് ഹാഗിയ സോഫിയ ഒരു മ്യൂസിയമായി മാറ്റാനുള്ള തീരുമാനമെടുത്തത്. വംശീയ ലഹളകളിലും അഗ്നിബാധയിലും ഭരണമാറ്റങ്ങൾക്കിടയിലുമെല്ലാം അമൂല്യമായ പല വസ്തുക്കളും ചുവർചിത്രങ്ങളും നഷ്ടമായെങ്കിലും ഹാഗിയ സോഫിയ മ്യൂസിയത്തിൽ ക്രൈസ്തവ-മുസ്ലീം സ്വാധീനങ്ങൾ നല്ലവണ്ണം തെളിഞ്ഞുകാണാം.

ശില്പകലയുടെയും വാസ്തുവിദ്യയുടെയും മഹത്തായ നേട്ടം എന്നതുകൂടാതെ ഹാഗിയാ സോഫിയായിലേക്ക് ഇന്നും ജനലക്ഷങ്ങളെ ആകർഷിക്കുന്നത് അതിനുള്ളിലെ ചുവർചിത്രങ്ങളാണ്. ചിത്രങ്ങളെല്ലാംതന്നെ മൊസെയ്ക് (Mosaic) രീതിയിലുള്ളവയാണ്. നിറമുള്ള സ്വാഭാവിക കല്ലുകളും മറ്റും ചേർത്തുവച്ച് ഉളവാക്കിയ ചിത്രങ്ങൾ തികച്ചും മിഴിവുറ്റവയാണ്. പരിശുദ്ധ ദൈവമാതാവിന്റെയും ഉണ്ണിയേശുവിന്റെയും ചുവർചിത്രം ഇന്നും ശോഭയോടെ നിലനിൽക്കുന്നുണ്ട്.

1500 വർഷങ്ങളിലധികം ചരിത്രമുള്ള ഹാഗിയാ സോഫിയാ 916 വർഷങ്ങൾ ഒരു ക്രൈസ്തവ ദേവാലയമായും 481 വർഷങ്ങൾ ഒരു മോസ്കായും 1935നുശേഷം ഇന്നുവരെ ഒരു മ്യൂസിയമായും നിലകൊള്ളുന്നു. ടർക്കിയിൽ ഏറ്റവും അധികം സന്ദർശകരെ ആകർഷിക്കുന്ന ഹാഗിയ സോഫിയായിലേക്ക് ക്രൈസ്തവരും മുസ്ലീങ്ങളും ഒരർത്ഥത്തിൽ ഗൃഹാതുരത്വത്തോടെയാണ് കടന്നുവരുന്നത്. 2014-ൽ 36 ലക്ഷത്തോളം സന്ദർശകർ ഇവിടെയെത്തിയെന്നാണ് കണക്ക്.

ഈ പുണ്യദേവാലയം 2014 ഒക്ടോബറിൽ സന്ദർശിക്കാൻ അവസരം ലഭിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. ✦

# യേശുക്രിസ്തു–വിദ്യാർത്ഥികൾക്കുള്ള ഉത്തമ മാതൃക

ഡോ. പുന്നൂസ് യു. പാഞ്ഞൂർ, തോട്ടയ്ക്കാട്



ഇൻഡ്യൻ എയർഫോഴ്സിലെ വിദ്യാഭ്യാസവകുപ്പിൽ കമ്മീഷൻഡ് ഓഫീസറായിരുന്നു. ഗ്രൂപ്പ് ക്യാപ്റ്റൻ റാങ്കിൽ വിരമിച്ചു. വിദ്യാഭ്യാസത്തിൽ ഡോക്ടറേറ്റ്. തോട്ടയ്ക്കാട്ട് മാർ അപ്രേം പള്ളി ഇടവകാംഗം. സുറിയാനിക്രിസ്ത്യാനികളുടെ 'ആരാധനാസഹായി' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇന്നത്തെ കുട്ടികളാകുന്നു നാളത്തെ പൗരന്മാർ. കുടുംബങ്ങളുടെയും ഇടവകകളുടെയും സഭയുടെയും നാടിന്റെയും ഭാവി അവരുടെ കൈകളിലാകുന്നു. ദൈവഭക്തിയും മനുഷ്യസ്നേഹവും ഉള്ള സ്വാർത്ഥരഹിതരായ ഒരു സമൂഹമാകുന്നു നമുക്ക് ആവശ്യമായിട്ടുള്ളത്.

ഒന്നാമതായി ഒരു ക്രിസ്തീയ പൈതലിനു വേണ്ടത് അടിയുറച്ച ദൈവവിശ്വാസമാകുന്നു. എബ്രായലേഖനം 11:6-ൽ പറയുന്നതുപോലെ ദൈവം ഉണ്ട് എന്നും പ്രാർത്ഥനകൾക്കു മറുപടി ലഭിക്കും എന്നും ഒരുവൻ വിശ്വസിക്കണം. ഇരുപത്തിമൂന്നാം സങ്കീർത്തനത്തിൽ പറയുന്നതുപോലെ "യഹോവ എന്റെ ഇടയനാകുന്നു; എനിക്കു യാതൊന്നിനും ഒരു കുറവും ഉണ്ടാകയില്ല" എന്നും വിശ്വസിക്കണം. ദൈവം എപ്പോഴും കൂടെയുള്ളതിനാൽ പ്രയാസങ്ങളിൽ വിജയിക്കും എന്നു വിശ്വസിക്കണം.

യേശുക്രിസ്തുവായിരിക്കണം നമ്മുടെ കുട്ടികളുടെയും യുവാക്കളുടെയും മാതൃക. ബാലനായ യേശു എങ്ങനെയാണു വളർന്നത്? തന്റെ വിദ്യാഭ്യാസം എപ്രകാരമായിരുന്നു? എന്തൊക്കെയായിരുന്നു തന്നിൽ ദർശിച്ച സ്വഭാവവിശേഷങ്ങൾ?

ഒരു സാധാരണ യഹൂദകുടുംബത്തിലാണു യേശു വളർന്നത്. തന്റെ വളർത്തുപിതാവായ യോസഫും മാതാവായ മറിയാമും ദൈവഹിതത്തിനു കീഴ്പ്പെട്ടു ഭക്തിയിലും പ്രാർത്ഥനയിലും ജീവിക്കുന്നവരായിരുന്നു. ഒരു യഹൂദബാലനു കിട്ടേണ്ട സാമാന്യവിദ്യാഭ്യാസം അവർ യേശുവിനു നൽകി. യഹൂദവേദപുസ്തകമായ പഴയനിയമത്തിലെ പാഠങ്ങൾ യേശുവിന് അറിയാമായിരുന്നു.

യേശുവിന്റെ വളർച്ചയെക്കുറിച്ചു വി. ലൂക്കോസ് ചുരുങ്ങിയ വാക്കുകളിൽ വിവരിക്കുന്നത് ഇപ്രകാരമാണ്.

"പൈതൽ വളർന്നു; ജ്ഞാനം നിറഞ്ഞു, ആത്മാവിൽ ബലപ്പെട്ടുപോന്നു. ദൈവകൃപയും അവന്മേൽ ഉണ്ടായിരുന്നു." (വി. ലൂക്കോസ് 2:4)

"യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നുവന്നു." (വി. ലൂക്കോസ് 2:52)

ഈ വാക്യങ്ങൾ യേശുവിന്റെ ശാരീരികവും മാനസികവും ബുദ്ധിപരവും ആത്മികവും സാമൂഹികവുമായ വളർച്ചയെ കാണിക്കുന്നു.

കുട്ടികളുടെ വളർച്ചയിൽ പന്ത്രണ്ടാമത്തെ വയസ് വളരെ പ്രധാനപ്പെട്ടതാണ്. പന്ത്രണ്ടു വയസ്സു കഴിഞ്ഞാൽ അവർ കൗമാരപ്രായത്തിലേക്കു പ്രവേശിക്കുന്നു. ശാരീരികവും മാനസികവുമായി വളരെവേഗം വളരുന്ന ഘട്ടമാണിത്. കാണുവാനും കേൾക്കുവാനും ചോദ്യങ്ങൾ ചോദിക്കുവാനും കൂടുതൽ കാര്യങ്ങൾ അറിയുവാനും താൽപര്യം കാണിക്കുന്ന ഘട്ടമാണിത്.

ഒരു യഹൂദബാലന് 12 വയസ്സുകഴിയുമ്പോൾ ന്യായപ്രമാണത്തിന്റെ പുത്രൻ എന്ന പദവി ലഭിക്കുന്നു. ആ പ്രായത്തിൽ അവൻ സമൂഹത്തിലെ ഉത്തരവാദിത്വമുള്ള അംഗമായിത്തീരും. അപ്പോൾമുതൽ യരുശലേം ദേവാലയത്തിലെ പെരുന്നാളുകളിൽ പ്രത്യേകിച്ചു പെസഹാപെരുന്നാളിനു പോയിത്തുടങ്ങും.

യേശുവിനു 12 വയസ്സുള്ളപ്പോൾ പെസഹാ പ്പെരുന്നാൾ സമയത്തു യെരുശലേം ദേവാലയത്തിൽവച്ചുണ്ടായ സംഭവം വി. ലൂക്കോസ് വിവരിക്കുന്നുണ്ട്. “അവൻ ദേവാലയത്തിൽ ഉപദേഷ്ടാക്കന്മാരുടെ നടുവിൽ ഇരിക്കുന്നതും അവരുടെ ഉപദേശം കേൾക്കയും അവരോടു ചോദിക്കയും ചെയ്യുന്നതും കണ്ടു. അവന്റെ വാക്കുകേട്ടവർക്കെല്ലാവർക്കും അവന്റെ വിവേകത്തിലും ഉത്തരത്തിലും വിസ്മയംതോന്നി.” (വി. ലൂക്കോസ് 2:46, 47).

യെരുശലേം ദേവാലയത്തിൽവച്ചു യേശുവിൽ ദർശിച്ച സ്വഭാവവിശേഷങ്ങൾ മറ്റു കുട്ടികൾക്കും മാതൃകയാണ്. എന്തെല്ലാം സ്വഭാവങ്ങളാണ് യേശുവിൽ ദർശിച്ചത്?

1. **തെരഞ്ഞെടുത്ത സ്ഥലം:** ദൈവാലയത്തിൽ തന്നെ ആകർഷിച്ച സ്ഥലം റബിമാർ ഇരുന്നു തിരുവചനം വ്യാഖ്യാനിച്ചു കൊടുക്കുന്ന ഇടം ആണ്. റബിമാരിൽ നിന്നു കേട്ടു പഠിക്കുവാനും തന്റെ സംശയങ്ങൾ തീർക്കുവാനും യേശു ആഗ്രഹിച്ചു.
2. **കേൾക്കുവാനുള്ള താല്പര്യം:** പ്രസംഗങ്ങളും സംവാദങ്ങളും കേൾക്കുവാൻ യേശു താല്പര്യം കാണിച്ചു. ശ്രദ്ധയോടെ കേൾക്കുവാനും ഗ്രഹിക്കുവാനുമുള്ള കഴിവാണ് ഒരു വിദ്യാർത്ഥിക്കു വേണ്ടത്.
3. **ചോദ്യങ്ങൾ ചോദിക്കുവാനുള്ള താത്പര്യം:** കേൾക്കുക മാത്രമല്ല, ചോദിച്ചു മനസ്സിലാക്കുവാൻ യേശു ശ്രദ്ധിച്ചു. ശരിയായി കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നവർക്കേ തക്ക ചോദ്യങ്ങൾ ചോദിക്കുവാൻ സാധിക്കൂ. ഈ ഗുണവും വിദ്യാർത്ഥികൾ വളർത്തേണ്ടതാണ്.
4. **ബുദ്ധിപൂർവ്വം ഉത്തരം പറയുവാനുള്ള കഴിവ്:** യേശുവിന്റെ വാക്കു കേട്ടവർക്കെല്ലാം അവന്റെ വിവേകത്തിലും ഉത്തരത്തിലും വിസ്മയം തോന്നി. ചോദ്യം ചോദിക്കുക മാത്രമല്ല, ബുദ്ധിപൂർവ്വം ഉത്തരം പറയുവാനും ഒരുവനു കഴിയേണ്ടതാണ്.
5. **മാതാപിതാക്കളോടുള്ള ആദരവ്, അനുസരണം:** യെരുശലേമിൽനിന്നു നസ്റേത്തിൽ മടങ്ങിവന്ന യേശു മാതാപിതാക്കൾക്കു കീഴടങ്ങി പാർത്തു എന്നാണു വി. ലൂക്കോസ് എഴുതിയിരിക്കുന്നത് (2:51). ഈ ഗുണവും കുട്ടികൾ മാതൃകയാക്കേണ്ടതാണ്. മാതാപിതാക്കളെ സ്നേഹിക്കയും അനുസരിക്കയും അവരുടെ നല്ല മാതൃകകളെ പിന്തുടരുകയും ചെയ്യേണ്ടതാണ്.

ജ്ഞാനസമ്പാദനത്തിനു പല വഴികളും സ്വീകരിക്കാവുന്നതാണ്. ചോദിക്കുക, അന്വേഷിക്കുക, മുട്ടുക, കാണുക, കേൾക്കുക, ചിന്തിക്കുക, വായിക്കുക എന്നീ മാർഗ്ഗങ്ങൾ ഓരോ കുട്ടിയിലും വികസിപ്പിച്ചെടുക്കേണ്ട ഗുണങ്ങളാണ്.

ഒരുവന്റെ പൂർണ്ണമായ വ്യക്തിത്വവികസനത്തിനു മേല്പറഞ്ഞ ഘടകങ്ങളുടെ വളർച്ച കൂടാതെ ശരിയായ മനോഭാവത്തിന്റെയും താത്പര്യങ്ങളുടെയും (attitude and interest) വളർച്ച ആവശ്യമാണ്. മാതാപിതാക്കളെയും ഗുരുക്കന്മാരെയും അധികാരികളെയും ബഹുമാനിക്കയും നിയമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധിക്കയും ചെയ്യേണ്ടതാണ്.

യേശുവിൽ ദർശിച്ചതും താൻ ജീവിതത്തിൽക്കൂടി കാണിച്ചുതന്നതുമായ സ്നേഹം, ക്ഷമ, സമാധാനം, നീതിബോധം, കരുണ, മനസ്സലിവ്, ഹൃദയശുദ്ധി, പ്രാർത്ഥന, ഉപവാസം തുടങ്ങിയ ഗുണങ്ങൾ വളർത്തിയെടുക്കുവാൻ ഓരോ ക്രിസ്തീയ പൈതലും ബാല്യം മുതൽ ശ്രദ്ധിക്കേണ്ടതാണ്.

യേശുക്രിസ്തുവിനെ മാതൃകയാക്കി ജീവിക്കുവാൻ നാം നമ്മുടെ കുട്ടികളെ അഭ്യസിപ്പിക്കേണ്ടതാണ്. അതിനാവശ്യമായ പ്രബോധനവും മാതൃകയും മാതാപിതാക്കളും അദ്ധ്യാപകരും പുരോഹിതന്മാരും എല്ലാം നല്കേണ്ടതാണ്. ക്രിസ്തു നമ്മോടു പറയുന്നത് ഇതാണ്: “ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടയരുത്” (വി. മത്തായി 19:14) ✦

# "നമ്മുടെ കർത്താവും നോറ്റു; ആകൽക്കറുസായെ ജയിച്ചു"

പ്രൊഫ. ഡോ. ചെറിയാൻ തോമസ്



'ആരാധനാപഠനം' എന്ന ഒരു സ്ഥിരം പംക്തി പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നതിന്റെ ആദ്യ ഭാഗം തയ്യാറാക്കിയിരിക്കുന്നത് പ്രൊഫ. ചെറിയാൻ തോമസാണ്. ഒ.എസ്.എസ്.എ.ഇ.യുടെ എക്സിക്യൂട്ടീവ് ഓഫീസറായി സേവനമനുഷ്ഠിക്കുന്നു.

എല്ലാ സൂത്താറാ നമസ്കാരങ്ങളിലും ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികൾ ഉപയോഗിക്കുന്ന ഒരു ഗീതമാണ് 'ഞങ്ങൾക്കുള്ള കർത്താവേ...' എന്നാരംഭിക്കുന്ന മാർ അപ്രേമിന്റെ മെമ്ര. ('മെമ്ര' എന്നാൽ പദ്യരൂപത്തിലുള്ള പ്രസംഗം എന്നാണർത്ഥം). സൺഡേസ്കൂൾ 7-ാം ക്ലാസ്സിൽ ഈ ഗീതം വിശദമായി പഠിപ്പിക്കുന്നുണ്ട്. എന്നാൽ വലിയ നോമ്പിലും മൂന്നു നോമ്പിലും ഈ ഗീതം അൽപ്പംകൂടി വിപുലപ്പെടുത്തിയാണ് ചൊല്ലുന്നത്. പതിവുപോലെ ഈ ഗീതവും ചൊല്ലിത്തീർക്കാറുണ്ടെങ്കിലും പലപ്പോഴും അതിന്റെ അർത്ഥതലങ്ങൾ ചിന്തിക്കാതിരിക്കുന്നതുമൂലം അർത്ഥവത്തായ ആരാധന നടക്കുന്നില്ല. ഏതൊരു പ്രാർത്ഥനയും അതിന്റെ അർത്ഥം മനസ്സിലാക്കി ധ്യാനപൂർവ്വം ചൊല്ലുമ്പോഴാണ് ദൈവബന്ധത്തിൽ ജീവിക്കുവാൻ നമുക്കു പ്രേരണയുണ്ടാകുന്നത്.

മാർ അപ്രേമിന്റെ മെമ്രായുടെ പല വിവർത്തനങ്ങൾ ഉപയോഗത്തിലുണ്ട്. വ്യാപകമായി ഉപയോഗിക്കപ്പെടുന്നത് 'ഞങ്ങൾക്കുള്ള കർത്താവേ...' എന്നതും 'കർത്താവേ കൃപ ചെയ്യണമെ...' എന്നതുമാണ്. ഇതിൽ ആദ്യരൂപം അടിസ്ഥാനമാക്കിയാണ് ഈ ലേഖനം തയ്യാറാക്കിയിരിക്കുന്നത്. 'സ്വർഗ്ഗാദൂതർക്കുടയവനേ...' മുതലുള്ള ഭാഗമാണ് നോമ്പുകാലത്തിലേക്കായി കൂടുതലായി ചേർത്തിരിക്കുന്നത്. ഈ ഖണ്ഡവും തുടർന്നുള്ള മൂന്നു ഖണ്ഡങ്ങളും ദൈവത്തിനു സ്തുതി അർപ്പിക്കുന്ന ഭാഗങ്ങളാണ്.

'ത്രിയേകമേകത്രയാം
ഏകദൈവവുമായുള്ള
പിതൃസുതപരിശുദ്ധാത്മാവാം
സത്യപരനെ നിനക്കു സ്തുതി.'

ഈ ഭാഗം ഓർത്തഡോക്സ് വിശ്വാസത്തിന്റെ അടിസ്ഥാനമായ ത്രിത്വത്തിന്റെ മനോഹരമായ ഒരു പ്രഖ്യാപനമാണ്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്ന് ആളത്തങ്ങൾ ഉള്ളപ്പോഴും ഏക ദൈവമാണെന്ന് ഇവിടെ വ്യക്തമാകുന്നു.

നോമ്പ് അനുതാപത്തിന്റെ കാലമാണല്ലോ. ബലഹീനരും അനുതാപികളുമായ നമ്മുടെ പ്രാർത്ഥനകൾ ആദ്യഫലം ('മുൻഫലമായ കാഴ്ചകൾ')പോലെ കൈക്കൊള്ളുന്ന ദൈവത്തിന് സ്തുതി അർപ്പിച്ചുകൊണ്ടുള്ളതാണ് ഒരു ഖണ്ഡം. വിനയപൂർവ്വം, 'പൂഴികളായവർ' എന്നാണ് നമ്മെത്തന്നെ സൂചിപ്പിക്കുന്നത്. (മണ്മയർ എന്നു മറ്റൊരു തർജ്ജമ). അളവില്ലാതെ നിനക്കു സ്തുതി എന്നതിന് 'വൃക്ഷദലത്തിൻ സംഖ്യയിൽ എന്നാണ് ഒരു തർജ്ജമ.

'കൊല്ലുംനഞ്ചിവയായുള്ള
പൊന്നും വെള്ളിയും നേടേണ്ട
നിത്യജീവൻ പ്രാപിപ്പാൻ
സത്യോപദേശം കേൾക്ക.'

എന്നതാണ് അടുത്ത ഖണ്ഡം. 'നഞ്ച്' എന്നാൽ 'വിഷം' എന്നാണർത്ഥം. ('മൃതികരവിഷം'

എന്ന് മറ്റൊരു തർജ്ജമ). പൊന്നും വെള്ളിയും പോലുള്ള ഈലോക സമൃദ്ധികൾ കൊല്ലുന്ന വിഷമാകയാൽ അതിൽ ആശ്രയിക്കാതെ ശരിയായ ഉപദേശങ്ങൾ കേട്ട് നിത്യജീവൻ പ്രാപിക്കുവാനാണ് ഗീതത്തിൽ പറയുന്നത്.

'നാല്പതുനാൾ ഉപവസിക്ക
വിശക്കുന്നവനപ്പം കൊടുക്ക
ഈശായ്സുതനെപ്പോൽ
ദിനമേഴുവട്ടം പ്രാർത്ഥിക്ക'

നാല്പതുനാൾ ഉപവസിക്കണമെന്നും വിശക്കുന്നവർക്ക് ആഹാരംകൊടുക്കുവാൻ തയ്യാറായിരിക്കണമെന്നുമാണ് ഈ ഗീതത്തിൽ ഉദ്ബോധിപ്പിക്കുന്നത്. 'ഈശായ്സുതൻ' എന്നു പറഞ്ഞിരിക്കുന്നത് യിശായിയുടെ പുത്രനായ ദാവീദിനെക്കുറിച്ചാണ്. 119-ാം സങ്കീർത്തനം 164-ാം വാക്യത്തിൽ ദിവസവും ഏഴു പ്രാവശ്യം പ്രാർത്ഥിക്കുന്നതായി ദാവീദു പറയുന്നുണ്ട്. നാമും അതുപോലെ പ്രാർത്ഥിക്കണം.

'മോശയും ഏലിയായും
നാല്പതുദിവസം നോമ്പെടുത്തു
നമ്മുടെ കർത്താവും നോറ്റു
ആകൽക്കറുസായെ ജയിച്ചു'

കൽപ്പലകകൾ യഹോവയായ ദൈവത്തിൽ നിന്നും ഏറ്റുവാങ്ങുവാൻ മോശ സീനായ് പർവ്വതത്തിൽ നാല്പതു ദിവസം വെള്ളം പോലും കുടിക്കാതെ കഴിച്ചുകൂട്ടി എന്ന് വി. വേദപുസ്തകം പറയുന്നു (ആവർത്തനം 9:9). ജനത്തിന്റെ പാപം ക്ഷമിച്ചുകിട്ടുവാൻ മോശ വീണ്ടും നാല്പതു ദിവസം ദൈവമുൻപാകെ ഉപവസിച്ചു (ആവർത്തനം 9:18). ഉടച്ചുകളഞ്ഞ കൽപലകകൾ വീണ്ടും സ്വീകരിക്കുവാൻ മോശ ഒരിക്കൽക്കൂടി പർവ്വതത്തിൽ കയറി നാല്പതുദിവസം ഉപവസിച്ചു (10:10). ഏലിയാ പ്രവാചകൻ, ദൈവദൂതൻ നൽകിയ അപ്പവും വെള്ളവും ഭക്ഷിച്ചശേഷം നാല്പതു പകലും നാല്പതു രാവും ഉപവസിച്ചതായും വി. വേദപുസ്തകം പറയുന്നു (1 രാജാ. 19:8). നമ്മുടെ കർത്താവ് പരസ്യശുശ്രൂഷയ്ക്കു മുൻപായി നാല്പതു ദിവസം ഉപവസിച്ചതും സാത്താനെ തോല്പിച്ചതും നമുക്കു സുപരിചിതമാണ് (വി. മത്തായി 4). ഈ സംഭവങ്ങളാണ് ഈ ഗീതത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. ആകൽക്കറുസ എന്നത് സാത്താന്റെ മറ്റൊരു പേരാണ് (വലിയ വിശപ്പുകാരൻ, വയറുപോലും ഭക്ഷിക്കുന്നവൻ എന്ന് വാച്യാർത്ഥം).

'കടൽകൂപാമഗ്നികളിൽ
രക്ഷിച്ചെന്ന പ്രാർത്ഥനകൾ
ഞങ്ങളുടെ നമസ്കാരങ്ങൾക്ക്
കൃപയുടെ വാതിൽ തുറക്കണമെ.'

ഇതാണ് അടുത്ത ഗീതം. 'കടൽ കുഴി അഗ്നിച്ചൂളകളിൽനിന്നു കരേറിയ പ്രാർത്ഥനകൾ' എന്നാണ് മറ്റൊരു തർജ്ജമ. 'കൂപം' എന്നാൽ 'കുഴി' എന്നാണർത്ഥം. കടലിൽ മത്സ്യത്തിന്റെ വയറ്റിൽക്കിടന്നുകൊണ്ടുള്ള യോനയുടെ പ്രാർത്ഥനയും (യോന 2), സിംഹക്കുഴിയിൽക്കിടന്നുകൊണ്ടുള്ള ദാനിയേലിന്റെ പ്രാർത്ഥനയും (ദാനി 6:16), തീയിലിടപ്പെട്ട ബാലന്മാരായ ശദ്രക്, മേശക്, അബേദ്നഗോ എന്നിവരുടെ പ്രാർത്ഥനയും (ദാനി 3:17-18) ആണ് ഇവിടെ സൂചന. ആ അപകടസന്ധികളിൽ അവരെ രക്ഷിച്ച അവരുടെ പ്രാർത്ഥന നമ്മുടെ പ്രാർത്ഥനകൾക്കും തുണയാകട്ടെ എന്നാണ് ഇവിടെ പാടുന്നത്.

ഓർത്തഡോക്സ് ആരാധനയുടെ ഒരു മഹത്തായ പ്രത്യേകതയാണ്, വേദപുസ്തകത്തിന്റെ സ്വാധീനവും വേദപുസ്തകധ്യാനവും. ഈ ഗീതത്തിലും അതുതന്നെയാണു നാം കാണുന്നത്. ധ്യാനപൂർവ്വം ഈ ഗീതം ഉപവാസത്തോടൊപ്പം പാടുന്നതിലൂടെ നമുക്കും 'ആകൽക്കറുസാ'യെ ജയിക്കാം. ✦

?

ഈ അടയാളം കൊടുത്തിരിക്കുന്ന ചിത്രം നിങ്ങളിൽ ആരുടെ സ്മരണ ഉയർത്തുന്നു? ഉത്തരം അയച്ചുതരിക.

# സൺഡേസ്കൂൾ എന്റെ വഴികാട്ടി

**ഡോ. ശൈനോ അന്ന വർഗീസ്**



ആദ്യത്തെ 'സൺഡേസ്കൂൾ പ്രതിഭ' എന്ന ചരിത്രനേട്ടത്തിന്റെ ഉടമയായ ഡോ. ശൈനോ അന്ന വർഗീസ് പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ കെമിസ്ട്രി വിഭാഗത്തിൽ അസി. പ്രൊഫസറാണ്. എല്ലാ മേഖലയിലും മികവു തെളിയിച്ച ഒരു 'പ്രതിഭ'യാണ്. ഭർത്താവ്: യു.എസ്സിൽ IT എൻജിനീയറായ ശ്രീ ഷിജു വി. സൈമൺ. മകൾ: അന്ന മറിയം. നിരണം ഭദ്രാസനത്തിലെ ഫാ. ടി.കെ. വർഗീസിന്റെ പുത്രിയാണ് ഡോ. ശൈനോ.

"If I have seen further, it is by standing on the shoulders of giants"
—Sir Isaac Newton

ഈ ഓർമ്മക്കുറിപ്പുകൾ എഴുതാൻ എന്നെ പ്രാപ്തയാക്കിയതിൽ പ്രധാന പങ്ക് സൺഡേസ്കൂളിനാണ്. മാതാപിതാക്കളിൽനിന്ന് അറിഞ്ഞ സഭയും ആരാധനയുടെ അന്തഃസത്തയും കൂടുതൽ അനുഭവിച്ചറിയാനും അതിൽക്കൂടി വളരാനും എന്നെ സഹായിച്ചതു സൺഡേസ്കൂൾപ്രസ്ഥാനമാണ്. ഒരു വൈദികന്റെ മകളായ എനിക്കു നിരണം ഭദ്രാസനത്തിലെ വിവിധ പള്ളികളിലെ സൺഡേസ്കൂളിൽ പഠിക്കുവാനും ആത്മീയമായി വളരുവാനും കഴിഞ്ഞു. ആദ്യകാലങ്ങളിൽ നുള്ളരി കൊണ്ടുവരുന്ന ഒരു സമ്പ്രദായമുണ്ടായിരുന്നു. പിന്നീടു കാലം മാറിയപ്പോൾ അവയൊക്കെ വിസ്മൃതിയിലായി. ഞായറാഴ്ച ആരാധനയ്ക്ക് എന്റെ പിതാവിനോടൊപ്പം ആദ്യാവസാനം ഭയഭക്തിയോടെ പങ്കുകൊള്ളുവാൻ ഞാൻ ശ്രദ്ധിച്ചിരുന്നു. സെക്കുലർ വിദ്യാഭ്യാസത്തോടൊപ്പം സൺഡേസ്കൂൾ പഠനവും കൃത്യമായി നടന്നു. തിരുവല്ല എം.ജി.എം. ഹയർസെക്കണ്ടറി സ്കൂളിലെ Best All Rounder സ്ഥാനം ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സിന്റെ രാഷ്ട്രപതി അവാർഡ് എന്നിവയോടൊപ്പം സൺഡേസ്കൂൾ സഹപാഠ്യമത്സരങ്ങളിലേയും മത്സരപ്പരീക്ഷകളിലെയും സമ്മാനങ്ങളും എന്നെത്തേടി എത്തി. സൺഡേസ്കൂൾപഠനം ഒരിക്കലും എന്റെ സെക്കുലർ വിദ്യാഭ്യാസത്തിനു തടസ്സമായിരുന്നില്ല.

ഭദ്രാസനതലത്തിൽ പ്രസംഗമത്സരത്തിനു സ്ഥിരമായി ഒന്നോ രണ്ടോ സ്ഥാനം നേടാനും കഴിഞ്ഞിരുന്നു. 1997-ലെ സീനിയർ പ്രസംഗ മത്സരത്തിൽ ഭദ്രാസനതലത്തിൽ രണ്ടാം സ്ഥാനം ലഭിക്കാനിടയായി. ആ വർഷം ബഹുമാന്യനായ എ.എം. വർഗീസച്ചൻ സോണൽ തലത്തിൽ പ്രസംഗത്തിന് ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥികളെ ഒരുമിച്ചു മത്സരിപ്പിച്ച് അതിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥിക്കു സൺഡേസ്കൂൾ പ്രതിഭ എന്ന സ്ഥാനം നൽകണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. കാലയവനികയ്ക്കുള്ളിൽ മറഞ്ഞ ആ പിതാവിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു. അദ്ദേഹം എനിക്കു സമ്മാനിച്ച ഒരു പുസ്തകം ഇന്നും എന്റെ കൈയിൽ ഉണ്ട്. 1998-ൽ നടത്തിയ പ്രതിഭാമത്സരത്തിൽ ഒന്നാം സ്ഥാനം നേടാനും സഭയുടെ സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ഒന്നാമത്തെ പ്രതിഭ എന്ന ബഹുമതി നേടാനും സാധിച്ചു. അന്ന്, പ്രവീൺ, വിജ്ഞാനി മുതലായ അവാർഡുകൾ ഉണ്ടായിരുന്നില്ല. എന്റെ ജീവിതത്തിലെ ഏറ്റവും വലിയ അംഗീകാരമായി ഇന്നും അതു നിലനിൽക്കുന്നു. അടുത്ത വർഷവും പ്രതിഭാമത്സരത്തിൽ പങ്കെടുക്കുന്നതിന് എനിക്ക് അർഹത ലഭിച്ചിരുന്നു. വീണ്ടും പ്രതിഭാമത്സരത്തിൽ പങ്കെടുക്കാൻ പാടില്ല എന്ന സർക്കുലർ എനിക്കു വേദനയുണ്ടാക്കിയെങ്കിലും ഒരു പ്രാവശ്യം പ്രതിഭ അവാർഡ് ലഭിച്ച വ്യക്തി വീണ്ടും ആ അവാർഡിനായി മത്സരിക്കേണ്ടതില്ലെന്നും അവർ എന്നും പ്രതിഭയായിരിക്കും എന്നുമുള്ള വിവരം സന്തോഷം ഉളവാക്കി.

പ്രസംഗമത്സരങ്ങൾക്ക് എന്നെ എന്നും സജ്ജയാക്കിയ, എനിക്ക് പിതൃതുല്യനായ ബഹു. കുര്യൻ ഡാനിയേലച്ചനെ ഇത്തരുണത്തിൽ സ്നേഹപൂർവ്വം സ്മരിക്കുന്നു. പ്രതിഭ അവാർഡ് എനിക്കു സമ്മാനിച്ചതു ഭാഗ്യസ്മരണാർഹനായ അന്നത്തെ കാതോലിക്ക ബാവ, പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവ തിരുമനസുകൊണ്ടാണ്. 'എന്നും പ്രതിഭയായിരിക്കട്ടെ' എന്ന് അനുഗ്രഹിച്ചുകൊണ്ടാണ് ആ വന്ദ്യപിതാവ് അവാർഡു സമ്മാനിച്ചത്. ആ അനുഗ്രഹം ഇന്നും എന്റെ ജീവിതത്തിൽ കാവലായിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. പിന്നീട് M.G. University-ൽനിന്ന് ബി.എസ്.സി. കെമിസ്ട്രിക്കും എം.എസ്.സി. ഓർഗാനിക് കെമിസ്ട്രിക്കും ഫസ്റ്റ് റാങ്ക് ലഭിച്ചു. ജപ്പാൻ ഗവൺമെന്റിന്റെ PhD Scholarship-ന് ഭാരതസർക്കാർ നോമിനേറ്റു ചെയ്ത വിദ്യാർത്ഥികളിൽ Material Science വിഷയത്തിൽ ഞാൻ തെരഞ്ഞെടുക്കപ്പെട്ടു. അങ്ങനെ MEXT Scholarship ലഭിച്ച് ജപ്പാനിലെ Toyo University-യിൽ നിന്ന് പിഎച്ച്.ഡി നേടി. ഈ അംഗീകാരമെല്ലാം എനിക്കു ലഭിച്ചതു തിരുമേനിയുടെ അനുഗ്രഹമായി ഞാൻ വിശ്വസിക്കുന്നു. അതിന്റെ പ്രധാന കാരണം സൺഡേസ്കൂളാണ്. എന്നെ ആദ്യാക്ഷരം എഴുതിച്ച എന്റെ വന്ദ്യനായ ഗുരുനാഥൻ കാലം ചെയ്ത പുണ്യവാനും പണ്ഡിതവരേണ്യനുമായ കൊച്ചിഭദ്രാസനാധിപനായിരുന്ന യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയെ ഈയവസരത്തിൽ സ്മരിക്കുന്നു.

മലങ്കരസഭയുടെ ശ്രേഷ്ഠമായ ആരാധനയും വിശ്വാസവും എന്നിൽ ഉറപ്പിച്ചതു സൺഡേസ്കൂൾ പഠനമാണ്. എവിടെ ആയിരുന്നാലും ഈ സഭാവിശ്വാസത്തിൽത്തന്നെ ഉറച്ചു നിൽക്കാൻ സഹായിക്കുന്നതും സൺഡേസ്കൂൾ പഠനമാണ്. എന്റെ പിഎച്ച്.ഡി പഠനകാലത്ത് ജപ്പാനിൽ ഓർത്തഡോക്സ് പള്ളി തേടിപ്പോയി. ടോക്കിയോയിലെ റഷ്യൻ ഓർത്തഡോക്സ് പള്ളിയിൽ ആരാധനയിൽ സംബന്ധിക്കാൻ സാധിച്ചു. ധൂപക്കുറ്റിയും കുന്തിരിക്കവും മറ്റും അവർ ഉപയോഗിച്ചുകണ്ടപ്പോഴുണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ വയ്യ. ശരിയായ സൺഡേസ്കൂൾ പഠനം വിശ്വാസസ്ഥിരതയ്ക്കു മാത്രമല്ല, ജീവിതമൂല്യങ്ങളെ ഉൾക്കൊള്ളുവാനും സാമൂഹികജീവിയായി ജീവിക്കുവാനും സാഹോദര്യം പുലർത്തുവാനും നല്ലതിനെ ഉൾക്കൊള്ളുവാനും തിന്മയെ വെറുക്കുവാനും ഒരുവനെ പ്രാപ്തനാക്കുന്നു.

സഭയുടെ ജീവനാഡിയായ സൺഡേസ്കൂൾ പ്രസ്ഥാനം കൂടുതൽ കുട്ടികൾക്ക് പ്രകാശവും വഴികാട്ടിയും ആയിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു. ✦

## ആദരാഞ്ജലികൾ

2016 ഫെബ്രുവരി 4-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ച മുൻ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ

**റ്റി.റ്റി. വർഗീസ്(ജോയി മാസ്റ്റർ)**
കൊച്ചി ഭദ്രാസന പ്രതിനിധി
(1989-2007)



മലങ്കര അസ്സോസിയേഷൻ മാനേജിങ് കമ്മിറ്റി, കൊച്ചി മെത്രാസന കൗൺസിൽ എന്നിവയിൽ അംഗമായിരുന്നു. കൊച്ചി ഭദ്രാസന ഡയറക്ടർ ജോൺ വർഗീസിന്റെ പിതാവാണ്.

**എം.എസ്. മാത്യു**
കുന്നംകുളം ഭദ്രാസന പ്രതിനിധി
(1992-1995)



തൊഴിയൂർ സെന്റ് ജോർജ് ഹൈസ്കൂൾ റിട്ട. ഹെഡ്മാസ്റ്ററും ഗ്രന്ഥകാരനുമായിരുന്നു

# Question Bank

## ക്ലാസ്സ് 10

### പാഠം 3: പഴയനിയമ പൗരോഹിത്യം

ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ പുസ്തകത്തിൽനിന്നും കണ്ടുപിടിച്ച് നോട്ടു ബുക്കിൽ എഴുതിവയ്ക്കുക. ഉത്തരങ്ങൾ ലഭിക്കുന്ന പേജിന്റെ നമ്പർ ബ്രായ്ക്കറ്റിൽ കൊടുത്തിട്ടുണ്ട്.

1. സഭയിലെ പുരോഹിതസ്ഥാനികൾ ആരെല്ലാം? (27)
2. പുരോഹിതൻ എന്ന പദത്തിന്റെ അർത്ഥം? (27)
3. പുരോഹിതൻ എന്നതിനു സമാനമായ സുറിയാനി പദം എന്ത്? ആ വാക്കിന്റെ ശരിയായ അർത്ഥമെന്ത്? (27)
4. 'കൊഹെൻ' എന്ന വാക്ക് ഗ്രീക്കിൽ എങ്ങനെ വിവർത്തനം ചെയ്തിരിക്കുന്നു? ആ വാക്കിന്റെ ശരിയായ അർത്ഥമെന്ത്? (28)
5. ആദിയും അന്തവും എന്തെന്നു നിശ്ചയമില്ലാത്ത പുരോഹിതൻ? (28)
6. ഒരു പുരോഹിതനെക്കുറിച്ച് വി. വേദപുസ്തകത്തിലെ ആദ്യസൂചിക എന്ത്? എങ്ങനെയാണ് അവിടെ പുരോഹിതനെ നിയമിച്ചത്? (28)
7. കരപൂരണം എന്നാൽ എന്ത്? (28)
8. പുരോഹിതൻ എന്തെല്ലാം ശ്രദ്ധിക്കണം എന്നാണ് പഴയനിയമത്തിൽ പറയുന്നത്? (28)
9. ന്യായാധിപന്മാരിൽ അവസാനത്തെ ആൾ (29)
10. പുരോഹിതനും പ്രവാചകനും ന്യായാധിപനുമായി പ്രവർത്തിച്ച ആൾ? (29)
11. ദാവീദുരാജാവിന്റെ കാലത്തെ പുരോഹിതന്മാർ? (29)
12. ശലോമോൻെറ കാലത്തെ പ്രവാചകന്മാർ? (29)
13. പ്രവാസകാലത്ത് പുരോഹിതസ്ഥാനത്തിനു വന്ന മാറ്റം എന്ത്? (29)
14. ദൈവത്തോടു മുഖാമുഖം സംസാരിച്ച ആൾ? (30)
15. പുരോഹിതന്റെ ഉപദേശത്തിന്റെ കാതൽ എന്തായിരിക്കണം? (30)
16. പുരോഹിതന്മാരുടെ ചുമതലകൾ എന്തെല്ലാം? (30)
17. പുരോഹിതന്മാർ ജനത്തിന് ദൈവത്തിന്റെ ഉത്തരങ്ങൾ നൽകിയ മാധ്യമങ്ങൾ ഏതെല്ലാമായിരുന്നു? (30)
18. പുരോഹിതനെ ദൈവത്തിനും മനുഷ്യർക്കുമിടയിൽ മദ്ധ്യസ്ഥനാക്കുന്ന ചുമതലകൾ എന്തെല്ലാം? (31)

### പാഠം 4
### യഹൂദ പെരുന്നാളുകൾ

1. യഹൂദ പെരുന്നാളുകളുടെ രണ്ടു വിഭാഗങ്ങൾ ഏവ? ഇവ തമ്മിലുള്ള വ്യത്യാസമെന്ത്? ഉദാഹരണം എഴുതുക? (33)
2. യോംകിപ്പൂർ എന്നത് എന്ത്? (34)
3. യഹൂദന്മാരുടെ കാനോനികപെരുന്നാളുകൾ ഏവ? ഓരോന്നും എന്തിനെ സൂചിപ്പിക്കുന്നു? (34)
4. യഹൂദന്മാരുടെ പെരുന്നാളുകളിൽ വർഷത്തിലെ ആദ്യ പെരുന്നാൾ ഏത്? അവസാന പെരുന്നാൾ ഏത്? (34–35)

5. പെസഹാ ഒരു തീർത്ഥാടനപ്പെരുന്നാളായതെങ്ങനെ? (34)
6. പെസഹായുടെ ചടങ്ങുകൾ എന്തെല്ലാം? (34)
7. ശാബതാചരണത്തിന്റെ അടിസ്ഥാനം എന്ത്? (35)
8. ശാബതുവർഷവും യോബേൽവർഷവും താരതമ്യം ചെയ്യുക (35-36)
9. യോംകിപ്പൂറിന്റെ കർമ്മങ്ങൾ ഏവ? (35)
10. പുരീംപെരുന്നാൾ എന്തിന്റെ സ്മരണയാണ് (36)
11. 'മൊർദ്ദെഖായിയുടെ ദിവസം' ഏത്? (36)
12. ഹനൂക്കാപ്പെരുന്നാൾ (പ്രതിഷ്ഠാപ്പെരുന്നാൾ) എന്നാൽ എന്ത്? (37)
13. യഹൂദപ്പെരുന്നാളുകൾ (essay) (33-36)

**പാഠം 5**

1. സുറിയാനിഭാഷയിലുള്ള വേദപുസ്തകത്തിന്റെ പേര്? (39)
2. പ്ശീത്തയിൽനിന്നും സുവിശേഷങ്ങൾ ആദ്യമായി മലയാളത്തിലേക്കു തർജ്ജമ ചെയ്തവർ (39)
3. ഇന്ന് സാധാരണ ഉപയോഗിക്കുന്ന സത്യവേദപുസ്തകം പ്രസിദ്ധീകരിച്ചത് ആര്? (40)
4. സിക്കുമതത്തിന്റെ ആധാരഗ്രന്ഥം? (40)
5. ഉല്പത്തിപുസ്തകത്തിലെ പ്രതിപാദ്യവിഷയങ്ങൾ ഏവ? (41)
6. പുറപ്പാടുപുസ്തകത്തിലെ പ്രതിപാദ്യവിഷയങ്ങൾ ഏവ? (41)
7. ലേവ്യപുസ്തത്തിലെ പ്രതിപാദ്യവിഷയങ്ങൾ ഏവ? (41)
8. ദീർഘദർശിമാരിൽ തലവൻ? (41)
9. പഞ്ചഗ്രന്ഥങ്ങൾ എഴുതിയത് ആര്? (41)
10. യിസ്രായേൽജാതിയെ മിസ്രയീമിൽനിന്നും വിടുവിക്കുവാൻ ദൈവം തെരഞ്ഞെടുത്ത പ്രവാചകൻ ആരായിരുന്നു? (41)
11. മോശയുടെ പിൻഗാമി? (41)
12. യിസ്രായേലിന്റെ ആദ്യത്തെ രാജാവ്? (41)
13. രാജാക്കന്മാരുടെ പുസ്തകത്തിന്റെ ഇതിവൃത്തം എന്ത്? (41)
14. പ്രവാചകന്മാർ എന്തു സംഭാവനയാണ് ജനത്തിനു നൽകിയത്? (42)
15. തോറ എന്നാൽ എന്ത്? (42)
16. 'നെബിം' എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന പുസ്തകങ്ങൾ ഏവ? (42)
17. 'കെത്തുബീം' എന്നാൽ എന്ത്? ഈ വിഭാഗത്തിലുള്ള പുസ്തകങ്ങൾ ഏവ? (42)
18. തനാക്ക് എന്നാൽ എന്ത്? (42)
19. പുതിയനിയമത്തിന്റെ വിഘടനം എങ്ങനെ? (42)
20. അപ്പോസ്തലപ്രവർത്തനങ്ങളുടെ കാലഘട്ടവും പ്രതിപാദ്യവും വ്യക്തമാക്കുക (43)
21. പ്ശീത്തോ ബൈബിളിന്റെ പ്രാധാന്യം എന്ത്? (43)

(തുടരും)

## ഓറിയന്റേഷൻ പ്രോഗ്രാം

വിദ്യാർത്ഥികൾക്കായി MGOCSM നടത്തുന്ന ഓറിയന്റേഷൻ ക്ലാസ്സുകൾ കോട്ടയം മാർ തെയോഫിലോസ് സ്റ്റഡി സെന്ററിൽ നടക്കും. ഒൻപതാം ക്ലാസ്സ് പാസ്സായവർക്കുവേണ്ടിയുള്ളത് ഏപ്രിൽ 5 മുതൽ 9 വരെയും 10-ാം ക്ലാസ്സ് കഴിഞ്ഞവർക്കുവേണ്ടിയുള്ളത് ഏപ്രിൽ 13 മുതൽ 16 വരെയുമാണ് നടക്കുന്നത്.

വിശദവിവരങ്ങൾ www.mgocsm.global എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഫോൺ: Pre Std. X: 9961504210, Post Std. X: 94968000217

## സൺഡേസ്കൂൾ വാർത്തകൾ

**പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ 2015 ഡിസംബർ 26-ന് അഖിലമലങ്കര അടിസ്ഥാനത്തിൽ നടത്തിയ മത്സരപ്പരീക്ഷയിൽ വിവിധ ക്ലാസ്സുകളിൽ A+ ഗ്രേഡ് നേടിയവർ**

ക്ലാസ് 12: ജോയൽ എബ്രഹാം, സെന്റ് പീറ്റേഴ്സ്, പൂതാമ്പുറം, നിരണം

ക്ലാസ് 10: അഞ്ജു സി. തോമസ്, സെന്റ് മേരീസ് കൂടൽ, അടൂർ-കടമ്പനാട്
ലിനി ചെറിയാൻ, എം.ജി.എം. തോട്ടപ്പുഴ, ചെങ്ങന്നൂർ

ക്ലാസ് 9: ശ്രുതി സൂസൻ ജോർജ്, സെന്റ് മേരീസ് പനയമ്പാല, നിരണം
ഫ്ളാവിയ തോമസ്, മാർ ബസേലിയോസ് കുറിച്ചി, കോട്ടയം

ക്ലാസ് 8: ജിയാ എൽസാ ജോബ്, സെന്റ് ജോർജ്, കുളത്തുപ്പുഴ, തിരുവനന്തപുരം
ആഷാ ഗ്രേസ് ഷാജി, സെന്റ് ജോർജ്, ഉള്ളന്നൂർ, ചെങ്ങന്നൂർ
ജിതിൻ ജോസ്, സെന്റ് മേരീസ്, തുമ്പമൺ നോർത്ത്, തുമ്പമൺ

ക്ലാസ് 7: കരിസ്മാ എലിസബേത്ത് ഗീവർഗീസ്, സെന്റ് കുറിയാക്കോസ്, മുണ്ടുകുഴി, നിരണം
തുഷാര ജോഷി, മാർ അപ്രേം പരിയാരം, കോട്ടയം
ക്രിസ്റ്റിൻ വർഗീസ്, സെന്റ് ജോർജ് കിഴുമുറി, കണ്ടനാട് വെസ്റ്റ്

ക്ലാസ് 6: ഷിജി റെജി, സെന്റ് ജോർജ്, ചെങ്കുളം, തിരുവനന്തപുരം
അജോ കെ. ഐസക്, സെന്റ് ജോർജ്, പുത്തൂർ, കൊല്ലം
റീമാ രഞ്ജിത്ത്, വി.ജി.എം. സൺഡേസ്കൂൾ, വെട്ടിക്കുന്നേൽ, കോട്ടയം

ക്ലാസ് 5: കൃപാ ജോൺസൺ, സെന്റ് ജോർജ് ഇടവട്ടം, കൊല്ലം
നീവ് മറിയം റോബർട്ട്, സെന്റ് ജോർജ്, പാലാരിവട്ടം, കൊച്ചി

## 2015-ലെ ഉന്നതപുരസ്കാരങ്ങൾ

സൺഡേസ്കൂൾ പ്രതിഭ: അഭിഷേക് തോമസ്, സെന്റ് തോമസ് വലിയപള്ളി, കുണ്ടറ, കൊല്ലം

സൺഡേസ്കൂൾ വിജ്ഞാനി: ജോ ഐ ജോർജ്, സെന്റ് തോമസ് വലിയപള്ളി, കുണ്ടറ, കൊല്ലം

സൺഡേസ്കൂൾ ഗാനസുഗന്ധി: നേഹ സൂസൻ ജോർജ്, സെന്റ് ജെയിംസ്, തൃക്കോതമംഗലം, കോട്ടയം

സൺഡേസ്കൂൾ വേദവചനഭൂഷൺ: ലിനി ചെറിയാൻ, എം.ജി.എം. തോട്ടപ്പുഴ, ചെങ്ങന്നൂർ

സൺഡേസ്കൂൾ പ്രവീൺ: ജോയൽ ഏബ്രഹാം, സെന്റ് പീറ്റേഴ്സ് പൂതാമ്പുറം, നിരണം

# 2016-ലെ സഹപാഠ്യമത്സരങ്ങളും പരീക്ഷകളും

## സഹപാഠ്യ മത്സരങ്ങൾ

### തീയതികൾ

1. സ്കൂൾതലം 2016 ആഗസ്റ്റ് 21 ഞായർ
2. ഡിസ്ട്രിക്ട്തലം 2016 സെപ്റ്റംബർ 10 ശനി
3. ഭദ്രാസനതലം 2016 ഒക്ടോബർ 8 ശനി
4. സോണൽതലം 2016 നവംബർ 12 ശനി

   ഭദ്രാസന സോണൽ മത്സരങ്ങൾ അതതു ദിവസങ്ങളിൽതന്നെ നടത്തേണ്ടതാണ്. സ്കൂൾതലം സ്കൂളുകളുടെ സൗകര്യം അനുസരിച്ച് നടത്താവുന്നതാണ്. ഡിസ്ട്രിക്ട് തലം, ഭദ്രാസന ഡയറക്ടറുമായി ആലോചിച്ച് മാറ്റാവുന്നതാണ്.
5. സൺഡേസ്കൂൾ പ്രതിഭ, ഗാനസുഗന്ധി, വിജ്ഞാനി, പ്രവീൺ മത്സരങ്ങൾ 2017 ജനുവരി 14 ശനി

### മത്സര വിഭാഗങ്ങൾ

A **1 മുതൽ 10 വരെ സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർ**

**(Age as on 31-12-2015)**

1) സബ് ജൂണിയർ - 9 വയസ്സ് പൂർത്തിയാകരുത്
   (2007-ലോ അതിനു ശേഷമോ ജനിച്ചവർ)
2) ജൂണിയർ - 9 വയസ്സ് മുതൽ 12 വയസ്സ് വരെ. 12 വയസ്സ് പൂർത്തിയാകരുത്
   (2004 - 2006 വർഷങ്ങളിൽ ജനിച്ചവർ)
3) സീനിയർ - 12 വയസ്സ് മുതൽ 17 വയസ്സ് വരെ. 17 വയസ്സ് പൂർത്തിയാകരുത്
   (1999 - 2003 വർഷങ്ങളിൽ ജനിച്ചവർ)

B **11, 12 സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർ**

4) ഹയർസെക്കണ്ടറി - 19 വയസ്സ് പൂർത്തിയാകരുത്
   (1997-ലോ അതിനു ശേഷമോ ജനിച്ചവർ)

വിദ്യാർത്ഥി, പ്രായം അനുസരിച്ച് ഏതു വിഭാഗത്തിൽപ്പെടുന്നുവോ ആ വിഭാഗത്തിൽ മാത്രമേ മത്സരിക്കുവാൻ അനുവാദമുള്ളു.

11, 12 സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർ മാത്രമെ ഹയർസെക്കണ്ടറി വിഭാഗത്തിൽ ഉൾപ്പെടുകയുള്ളു. പ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് മറ്റു വിഭാഗങ്ങളിലൊ മറ്റു വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഈ വിഭാഗത്തിലോ മത്സരിക്കാവുന്നതല്ല.

ഹയർസെക്കണ്ടറി വിഭാഗത്തിൽ ഒരു കുട്ടിക്ക് രണ്ടുതവണ (2 വർഷം) മാത്രമെ പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കുകയുള്ളു.

### മത്സര ഇനങ്ങൾ

| | |
|---|---|
| സബ്ജൂണിയർ | പ്രസംഗം, സംഗീതം |
| ജൂണിയർ | പ്രസംഗം, സംഗീതം, സമൂഹഗാനം, വേദവാക്യം |
| സീനിയർ | പ്രസംഗം, സംഗീതം, സമൂഹഗാനം, വേദവാക്യം, പൊതുവിജ്ഞാനം |
| ഹയർസെക്കണ്ടറി | പൊതുവിജ്ഞാനം, ഉപന്യാസം, വേദവാക്യം |

**പ്രസംഗ വിഷയങ്ങൾ**

| | |
|---|---|
| സബ്ജൂണിയർ | സ്നേഹം, സത്യം |
| ജൂണിയർ | വിശ്വാസം |
| | (റോമർ 6:23) ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുവിൽ നിത്യജീവൻതന്നെ. |

സീനിയർ വിഭാഗത്തിന് **സ്കൂൾതലം മുതൽ** 10 മിനിറ്റ് മുമ്പുമാത്രമായിരിക്കും പ്രസംഗ വിഷയം നൽകുന്നത്.

**സംഗീതം:** സമയം 3 മിനിട്ട്. മലയാള ക്രിസ്തീയഗാനങ്ങൾ മാത്രം. ക്ലാസ്സിക്കൽ സംഗീതം അനുവദനീയമല്ല.

**സമൂഹഗാനം:** സമയം 3 മിനിറ്റ്. ഒരു ഗ്രൂപ്പിൽ മൂന്നു പേരിൽകൂടുവാൻ പാടില്ല. തെരഞ്ഞെടുക്കപ്പെട്ട മലയാളത്തിലുള്ള ആരാധനാ ഗീതങ്ങൾ മാത്രമേ പാടാവൂ. 2016-ലെ മത്സരങ്ങൾക്ക് തെരഞ്ഞെടുക്കപ്പെട്ടവ ചുവടെ ചേർക്കുന്നു.

വി. കുർബ്ബാനക്രമം 2014-ലെ എഡീഷനിലെ എല്ലാ ഗീതങ്ങളും, സ്ത്രീകളുടെ ശവസംസ്ക്കാര ശുശ്രൂഷ ക്രമത്തിലെയും യൽദോയുടെ ശുശ്രൂഷയിലെ ഗീതങ്ങളും.

**വാക്യം:** 'തങ്കവാക്യ പുസ്തകം' ആദ്യത്തെ 25 വിഷയങ്ങൾ അടിസ്ഥാനമാക്കി ആയിരിക്കും ജൂണിയർ വിഭാഗത്തിൽ ചോദ്യങ്ങൾ ഉണ്ടാകുക. സീനിയർ വിഭാഗത്തിന് പുസ്തകം മുഴുവനും അടിസ്ഥാനമായിരിക്കും. **സമയം 45 മിനിറ്റ്.**

**പൊതുവിജ്ഞാനം:** സമയം 45 മിനിറ്റ്. 'പൊതുവിജ്ഞാനപഠനസഹായി' എന്ന പുസ്തകം ഒരു റഫറൻസ് പുസ്തകമായി മാത്രമേ പരിഗണിക്കാവൂ.

## സൺഡേസ്കൂൾ പ്രതിഭ, ഗാനസുഗന്ധി, വിജ്ഞാനി, പ്രവീൺ മത്സരങ്ങൾ

ഈ അവാർഡുകൾക്കുള്ള മത്സരങ്ങൾ 2017 ജനുവരി 14-ാം തീയതി ശനിയാഴ്ച സൺഡേസ്കൂൾ കേന്ദ്രഓഫീസിൽവച്ച് നടത്തുന്നതാണ്. മത്സരങ്ങൾ രാവിലെ 10 മണിക്ക് ആരംഭിക്കുന്നതാണ്. എഴുത്തുപരീക്ഷകളുടെ സമയം ഒരു മണിക്കൂർ ആയിരിക്കും.

**പ്രതിഭാ:** സോണൽ സീനിയർ പ്രസംഗമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് പങ്കെടുക്കാവുന്നതാണ്. വിഷയം 10 മിനിറ്റ് മുമ്പ് മാത്രം നൽകും.

**ഗാനസുഗന്ധി:** സോണൽ തലത്തിൽ സീനിയർ സംഗീതമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് പങ്കെടുക്കാം.

**വിജ്ഞാനി:** സോണൽതലത്തിൽ സീനിയർ പൊതുവിജ്ഞാനമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് പങ്കെടുക്കാം.

**പ്രവീൺ:** സോണൽതലത്തിൽ ഹയർസെക്കണ്ടറി പൊതുവിജ്ഞാനത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് പങ്കെടുക്കാം.

**വേദവചനഭൂഷൺ:** വേദവാക്യമത്സരത്തിൽ സീനിയർ വിഭാഗത്തിൽ നിന്നും അഖിലമലങ്കരാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മാർക്കു ലഭിക്കുന്ന വിദ്യാർത്ഥിക്കായിരിക്കും ഈ പദവി ലഭിക്കുക. എന്നാൽ ഈ പദവിയ്ക്കുവേണ്ടി പ്രത്യേകം മത്സരം നടത്തുന്നതല്ല. സോണൽ ലവലിൽ നടക്കുന്ന സീനിയർ വാക്യമത്സരത്തിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന രണ്ടു കുട്ടികളുടെ വീതം ഉത്തരക്കടലാസുകൾ കേന്ദ്രത്തിൽ വരുത്തി പുനർപരിശോധന നടത്തിയായിരിക്കും വിജയിയെ നിശ്ചയിക്കുന്നത്.

**ഒരിക്കൽ ഈ സ്ഥാനങ്ങൾ നേടിയവർക്ക് വീണ്ടും ആ ഇനത്തിൽ സ്കൂൾതലം മുതൽ മത്സരിക്കാൻ അനുവാദം ഉണ്ടായിരിക്കുകയില്ല.**

### ഔഗേൻബാവ അനുസ്മരണ പ്രസംഗമത്സരം

ഹയർസെക്കണ്ടറി വിഭാഗത്തിൽ പഠിക്കുന്ന റഗുലർ വിദ്യാർത്ഥികൾക്കാണ് പ. ഔഗേൻ ബാവാ അനുസ്മരണ പ്രസംഗമത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നത്. ഭദ്രാസനതലത്തിൽ നടക്കുന്ന സഹപാഠ്യമത്സരങ്ങളോടൊപ്പം ഹയർസെക്കണ്ടറി വിഭാഗം കുട്ടികൾക്കായി ഒരു പ്രസംഗമത്സരം നടത്തുന്നതാണ്. ഇതിൽ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർക്ക് സോണൽതല പ്രസംഗമത്സരത്തിൽ പങ്കെടുക്കാം. അതിൽ ഓരോ സോണിലും ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർക്കായിരിക്കും പ. ഔഗേൻ ബാവാ സ്മാരക പുരസ്ക്കാരം

നൽകുന്നത്. ഔഗേൻബാവായുടെ ജീവിതവുമായി ബന്ധപ്പെട്ട ഒരു വിഷയമായിരിക്കും പ്രസംഗവിഷയമായി നൽകുക. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഭദ്രാസന മത്സരങ്ങൾക്ക് മുമ്പ് ഹെഡ്മാസ്റ്റർ മുഖേന പേരുകൾ രജിസ്റ്റർ ചെയ്യണം. കൂടുതൽ കുട്ടികൾ മത്സരിക്കാനുണ്ടെങ്കിൽ ഡിസ്ട്രിക്ട് തലത്തിൽ മത്സരം നടത്താവുന്നതാണ്.

## പരീക്ഷകൾ

**അർദ്ധവാർഷിക പരീക്ഷ**

2016 ജൂൺ 26 ഞായർ, സമയം രാവിലെ 11 മുതൽ ഉച്ചയ്ക്ക് 1 മണിവരെ

**വാർഷിക പരീക്ഷ**

2016 ഡിസംബർ 4 ഞായർ, സമയം രാവിലെ 11 മുതൽ ഉച്ചയ്ക്ക് 1 മണിവരെ (1 മുതൽ 9 വരെയുള്ള ക്ലാസ്സുകൾ)

**പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിലെ വാർഷിക പരീക്ഷയും അഞ്ചു മുതൽ ഒൻപതു വരെയുള്ള ക്ലാസ്സുകളിലെ മത്സര പരീക്ഷയും 2016 ഡിസംബർ 31 ശനിയാഴ്ച പത്തുമണി മുതൽ ഒരു മണിവരെ നടക്കും.**

## സൺഡേസ്കൂൾ വേദപ്രവീൺ ഡിപ്ലോമ

നാലു വയസ്സിൽ ബേത്‌ലഹേം വിഭാഗത്തിൽ ചേരുന്ന കുട്ടി പന്ത്രണ്ടാം ക്ലാസ് (താബോർ വിഭാഗം) പാസാകുമ്പോഴാണ് സൺഡേസ്കൂൾ പഠനം അവസാനിക്കുന്നത്. പന്ത്രണ്ടാം ക്ലാസ് പാസാകുന്ന കുട്ടിക്കാണ് 'സൺഡേസ്കൂൾ വേദ പ്രവീൺ' ഡിപ്ലോമ സർട്ടിഫിക്കേറ്റ് ലഭിക്കുന്നത്. ഈ വർഷം മുതൽ 11-ാം ക്ലാസ്സിലും കേന്ദ്രതലത്തിൽ വാർഷികപ്പരീക്ഷ നടത്തി അതിൽ ലഭിക്കുന്ന മാർക്കുകൂടി വേദപ്രവീൺ ഡിപ്ലോമായുടെ ഗ്രേഡിനു പരിഗണിക്കുന്നതാണ്. അതുകൊണ്ട് 2016 ഡിസംബർ 31-നു നടക്കുന്ന 11-ാം ക്ലാസ് വാർഷികപ്പരീക്ഷ എഴുതാത്ത വിദ്യാർത്ഥികൾക്ക് 2017-ൽ 12-ാം ക്ലാസ് പരീക്ഷ എഴുതുവാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല. 2017 മുതൽ 12-ാം ക്ലാസ് പരീക്ഷയ്ക്ക് ആ ക്ലാസ്സിലേക്കു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പുസ്തകങ്ങൾ അടിസ്ഥാനമാക്കിയായിരിക്കും പരീക്ഷ നടക്കുന്നത്. 2016-ൽ മുൻപതിവുപോലെ 12-ാം ക്ലാസ് പരീക്ഷ നടക്കും. 2016-ൽ, പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ ഭാഗങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടായിരിക്കും വേദപ്രവീൺ ഡിപ്ലോമ പരീക്ഷ നടത്തുന്നത്.

ഇത് ദ്വിവത്സര കോഴ്സ് ആയതിനാൽ പ്രൈവറ്റായി ഈ പരീക്ഷ എഴുതുവാൻ താല്പര്യമുള്ളവർക്ക് ഹെഡ്മാസ്റ്ററുടെ പക്കൽ പേരുകൾ രജിസ്റ്റർ ചെയ്യുന്ന വർഷം പതിനൊന്നാം ക്ലാസ്സിലെ വാർഷിക പരീക്ഷ മാത്രമേ എഴുതുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

പ്രോജക്റ്റും, ഓറിയന്റേഷൻകോഴ്സും, പതിനൊന്നാം ക്ലാസിൽ തന്നെ തൃപ്തികരമായി ചെയ്താൽ പന്ത്രണ്ടാം ക്ലാസിലുണ്ടാകാവുന്ന പ്രയാസങ്ങൾ ഒഴിവാക്കുവാൻ സാധിക്കും എന്നു ശ്രദ്ധിക്കുക. വേദപ്രവീൺ ഡിപ്ലോമാ പരീക്ഷ എഴുതുവാൻ പരീക്ഷാർത്ഥിക്ക് അർഹതയുണ്ടെന്നു ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾ മാത്രമേ കേന്ദ്രത്തിൽ സ്വീകരിക്കുകയുള്ളൂ.

## പത്താം ക്ലാസ്, വേദപ്രവീൺ ഡിപ്ലോമ രജിസ്ട്രേഷൻ

പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിൽ പരീക്ഷയ്ക്കു ചേരുവാനുള്ള കുട്ടികൾ നിശ്ചിത ഫാറത്തിൽ രജിസ്റ്റർ ചെയ്യണം. 10-ാം ക്ലാസ്സ് പാസ്സായവരെ മാത്രമേ (over aged ഉൾപ്പെടെ) 12-ാം ക്ലാസ്സിൽ രജിസ്റ്റർ ചെയ്യാവൂ. എന്നാൽ അഞ്ചുവർഷം അദ്ധ്യാപനപരിചയമുള്ള സൺഡേസ്കൂൾ അദ്ധ്യാപകർക്കും, നാല്പതു വയസിനുമേൽ പ്രായമുള്ളവർക്കും ഈ കാര്യത്തിൽ ഇളവു നല്കുന്നതാണ്. രജിസ്ട്രേഷൻ ഫാറങ്ങൾ ഹെഡ്മാസ്റ്ററുടെ പക്കൽ ലഭ്യമാക്കുന്നതാണ്. ഈ ഫാറത്തിൽ എഴുതുന്ന പേരും അഡ്രസ്സും ആയിരിക്കും സർട്ടിഫിക്കറ്റിൽ വരുന്നത്. സെക്കുലർ സ്കൂൾ സർട്ടിഫിക്കറ്റിലേതുപോലെതന്നെ പേര് ചേർക്കുവാൻ ശ്രദ്ധിക്കണം.

ഹെഡ്മാസ്റ്റർ ഒരു സ്കൂളിലെ ഫാറങ്ങൾ (പത്തും പന്ത്രണ്ടും) പ്രത്യേകം അടുക്കി കുത്തിക്കെട്ടി പന്ത്രണ്ടിനുമുകളിൽ പത്തുവരത്തക്കവണ്ണം വച്ച് അതിനു മുകളിൽ ഫാറം നമ്പർ EX II വച്ച് ഒരുമിച്ച് കുത്തികെട്ടണം. ഫാറങ്ങൾ അടുക്കിയിരിക്കുന്ന ക്രമത്തിൽ തന്നെ EX II-ൽ കുട്ടികളുടെ പേര് എഴുതണം. പരീക്ഷാഫീസ് സഹിതം ആഗസ്റ്റ് 31-നു മുമ്പ് ഡി. ഇൻസ്പെക്ടറെ ഏൽപ്പിക്കണം. **സ്കൂൾകോഡ് ശരിയായി ചേർക്കുവാൻ ശ്രദ്ധിക്കണം.**

## പരീക്ഷാഫീസ്

**റഗുലർ വിദ്യാർത്ഥികൾ:** 2016-ൽ സൺഡേസ്കൂൾ 10-ക്ലാസ്സിൽ (ഒന്നാം വർഷം) പഠിക്കുന്ന 17 വയസ്സ് പൂർത്തിയാകാത്ത വിദ്യാർത്ഥികളും, 2016-ൽ സൺഡേസ്കൂൾ 12-ാം ക്ലാസ്സിൽ (ഒന്നാം വർഷം) പഠിക്കുന്ന 19 വയസ്സ് പൂർത്തിയാകാത്ത വിദ്യാർത്ഥികളും റഗുലർ വിഭാഗത്തിൽപ്പെടുന്നു. ഇവർക്കു മാത്രമേ (Ages as on 31-12-2015) റാങ്കിന് അർഹതയുള്ളു. ഇവരുടെ പരീക്ഷാഫീസ് 50 രൂപയായിരിക്കും.

**റഗുലർ Over Aged വിദ്യാർത്ഥികൾ:** 2016-ൽ സൺഡേസ്കൂൾ 10-ാം ക്ലാസ്സിൽ (ഒന്നാം വർഷം) പഠിക്കുന്ന 17 വയസ്സ് പൂർത്തിയായ വിദ്യാർത്ഥികളും 2016-ൽ സൺഡേസ്കൂൾ 12-ാം ക്ലാസ്സിൽ (ഒന്നാം വർഷം) പഠിക്കുന്ന 19 വയസ്സ് പൂർത്തിയായ വിദ്യാർത്ഥികളും റഗുലർ Over Aged വിഭാഗത്തിൽപ്പെടുന്നു. ഇവർക്ക് റാങ്കിന് അർഹതയില്ല. ഇവരുടെ പരീക്ഷാഫീസ് 50 രൂപയായിരിക്കും.

**പ്രൈവറ്റ് വിദ്യാർത്ഥികൾ:** 2016-ന് മുമ്പ് ഏതെങ്കിലും വർഷം 10-ാം ക്ലാസ്സിലോ 12-ാം ക്ലാസ്സിലോ പഠിച്ചവർ പരീക്ഷ എഴുതാതെയോ പരീക്ഷയിൽ വിജയിക്കാതെയോ ഈ വർഷം വീണ്ടും എഴുതുന്നു എങ്കിൽ അവർ പ്രൈവറ്റ് വിഭാഗത്തിൽപ്പെടുന്നു. ഇവരുടെ പരീക്ഷാഫീസ് 50 രൂപയായിരിക്കും.

**പ്രൈവറ്റ് Over Aged വിദ്യാർത്ഥികൾ:** സൺഡേസ്കൂളിൽ ചേർന്നു പഠിക്കുവാനോ, പഠനം പൂർത്തിയാക്കുവാനോ അവസരമില്ലാതിരുന്നവർക്ക് 17 വയസ് പൂർത്തിയായാൽ 10-ാം ക്ലാസ്സ് പരീക്ഷയ്ക്കും തുടർന്ന് 11-ാം ക്ലാസ്സ് പരീക്ഷയ്ക്കും ചേരാവുന്നതാണ്. ഇവർ പ്രൈവറ്റ് Over Aged വിഭാഗത്തിൽപ്പെടുന്നു. ഇവരുടെ പരീക്ഷാഫീസ് 100 രൂപയായിരിക്കും. പ്രൈവറ്റ് വിദ്യാർത്ഥികൾക്കും റാങ്കിനു അർഹതയില്ല.

### കഴിഞ്ഞ ലക്കത്തിലെ ഈ ചിത്രത്തിന് വായനക്കാരിൽനിന്നും ലഭിച്ച അടിക്കുറിപ്പുകൾ



1. "God is Spirit, and those who worship Him must worship in Spirit and truth."
   **— Thanku Mary Joseph, Paris**
2. സിംഹാസനമണയണമീപ്രാർത്ഥന മശിഹാ... —റോഷ്നി, പത്തനംതിട്ട
3. സാഷ്ടാംഗപ്രണാമം —ഷിലു പുന്നൂസ്, പാത്താമുട്ടം

**ഈ ചിത്രത്തിന്റെ പശ്ചാത്തലം**

മതാനുഷ്ഠാനങ്ങൾക്ക് കടുത്ത നിയന്ത്രണമുള്ള ചൈനയിലെ ഒരു രാജ്യാന്തര വിമാനത്താവളത്തിൽ പ്രാർത്ഥിക്കുവാൻ പ്രത്യേകം സ്ഥലമില്ലെങ്കിലും 'Passangers Launch'-ൽ കുമ്പിട്ടു നമസ്കരിക്കുന്ന മുസ്ലീം സഹോദരങ്ങൾ.

# JOURNAL DISTRIBUTION LIST

| Diocese/ District | No.of School | Journal Sub-scripton |
|---|---|---|
| **Trivandrum** | | |
| Trivandrum | 13 | 100 |
| Kulasekharam | 4 | 21 |
| Ayoor | 8 | |
| Anchal | 7 | |
| Kulathupuzha | 4 | 44 |
| Chathannoor | 10 | 108 |
| | 46 | 273 |
| **Kollam** | | |
| Kollam | 6 | 39 |
| Kallada | 13 | 52 |
| Kundara | 9 | 36 |
| Nallila | 4 | |
| Puthoor | 13 | 116 |
| Thalavoor | 12 | 58 |
| Thevalakkara | 11 | |
| | 68 | 301 |
| **Kottarakkara Punalur** | | |
| Nellikunnam | 10 | 47 |
| Kottarakkara | 10 | 47 |
| Kalayapuram | 5 | 13 |
| Chengamanadu | 9 | 21 |
| Chemmanthoor | 7 | 49 |
| Punalur | 6 | 5 |
| Thenmala | 5 | 8 |
| | 52 | 190 |
| **Mavelikkara** | | |
| Kayamkulam | 13 | 35 |
| Kattanam | 9 | 31 |
| Mavelikkara Central | 17 | 94 |
| Mavelikkara North | 6 | 5 |
| Karthikappally | 13 | 202 |
| | 58 | 367 |
| **Thumpamon** | | |
| Thumpamon | 18 | 80 |
| Omalloor | 10 | 75 |
| Makkamkunnu | 22 | 86 |
| Kozhencherry | 4 | 51 |
| Konny | 11 | 108 |
| Vakayar | 17 | 66 |
| Thannithodu | 9 | 67 |
| | 91 | 533 |
| **Nilackal** | | |
| Airoor | 10 | 50 |
| Vayalathala | 6 | 30 |
| Ranni | 7 | 20 |
| Nilackal | 9 | 80 |
| Kanakappalam | 6 | 20 |
| | 38 | 220 |
| **Chengannur** | | |
| Pandalam | 14 | 100 |
| Puthencavu | 16 | 66 |
| Edavancadu | 9 | 77 |
| Chengannur | 11 | 121 |
| Umayattukara | 11 | 40 |
| | 61 | 404 |
| **Adoor Kadampanadu** | | |
| Adoor | 16 | 85 |
| Kadampanadu | 11 | |
| Parakodu | 8 | |
| Pathanapuram | 17 | |
| Enath | 7 | |
| | 59 | 85 |
| **Niranam** | | |
| Chennithala | 10 | 57 |
| Parumala | 7 | 58 |
| Niranam | 13 | 57 |
| Thalavady | 8 | 102 |
| Thiruvella East | 5 | 46 |
| Thiruvella West | 11 | 127 |
| Kaviyoor | 9 | 66 |
| Kallooppara | 10 | 86 |
| Chengaroor | 14 | 50 |
| Mallappally | 13 | 40 |
| Vennikulam | 8 | 55 |
| | 108 | 744 |
| **Kottayam** | | |
| Kottayam | 7 | |
| Kurichy | 12 | 42 |
| Manarcadu | 5 | 17 |
| Pampady | 15 | 101 |
| Puthuppally | 12 | 39 |
| Vakathanam | 14 | 123 |
| Vazhoor | 10 | 82 |
| Mundakayam | 4 | 35 |
| | 79 | 439 |
| **Kottayam Central** | | |
| Kottayam East | 5 | 27 |
| Kottayam West | 5 | |
| | 10 | 27 |
| **Idikki** | | |
| Thekkady | 6 | |
| Nettithozhu | 7 | 25 |
| Kattappana | 9 | |
| Elappara | 6 | |
| | 28 | 25 |
| **Kandanadu East** | | |
| Muvattupuzha | 10 | 16 |
| Mamalassery | 7 | 120 |
| Idikki | 3 | 25 |
| | 20 | 161 |
| **Kandanadu West** | | |
| Kolencherry | 12 | 16 |
| Pampakuda | 8 | 91 |
| Piravom | 5 | 38 |
| Mulakuulam | 7 | |
| | 32 | 145 |
| **Kochy** | | |
| Choovannmannu | 8 | 124 |
| Thrissur | 10 | 78 |
| Ernakulam | 11 | 29 |
| Mulamthuruthy | 10 | 55 |
| | 39 | 286 |
| **Angamaly** | | |
| Kuruppumpady | 5 | |
| Munnar | 5 | 25 |
| Alwaye | 7 | 148 |
| Kunnakkurdy | 6 | 40 |
| Pothanicadu | 5 | 16 |
| | 28 | 229 |
| **Thrissur** | | |
| Mannoothy | 9 | |
| Vadakkumcherry | 7 | |
| | 16 | |
| **Kunnamkulam** | | |
| Arthat | 13 | 73 |
| Kunnamkulam | 14 | 34 |
| Pazhanji | 9 | 25 |
| Chelakkara | | |
| Weddakkancherry | 7 | 36 |
| Individual | | 1 |
| | 43 | 169 |
| **Malabar** | | |
| Perumthalmannna | 16 | 37 |
| Kozhikodu | 12 | 10 |
| Palakkadu | 14 | 85 |
| Nilambur | 22 | 145 |
| Kannur | 5 | |
| Attappady | 3 | 10 |
| | 72 | 267 |
| **Brahmavar** | | |
| Kasarkodu B.V | 5 | |
| Kannur B.V | 3 | |
| | 8 | |
| **Bathery** | | |
| Meenamgady | 10 | |
| S.battery | 12 | 62 |
| Mananthavady | 7 | 23 |
| Kelakom | 5 | |
| Kiliyanthara | 6 | |
| Not known | | 85 |
| | | 4995 |

## സൺഡേസ്കൂൾ അറിയിപ്പുകൾ

- ഏതെങ്കിലും ആവശ്യത്തിനായി ഒ.എസ്.എസ്.എ.ഇ. അക്കൗണ്ടിലേക്കു പണം transfer ചെയ്യുന്നവർ ചെല്ലാനും വിശദവിവരങ്ങളും ഉടൻതന്നെ കേന്ദ്രഓഫീസിൽ അറിയിക്കണം.
- ഒ.എസ്.എസ്.എ.ഇ. മത്സരപ്പരീക്ഷയിൽ A+ grade കിട്ടിയ വിദ്യാർത്ഥികൾ അവരുടെ ഫോട്ടോ കേന്ദ്ര ഓഫീസിൽ എത്തിക്കണം. (ഇ-മെയിൽ അയക്കാം).

## അദ്ധ്യാപകരുടെ സംശയങ്ങൾക്കു മറുപടി

1. *10-ാം ക്ലാസ് പുസ്തകം ഒന്നാം ഭാഗം പേജ് 59-ൽ 'ദയോത്രഫിമോസ്' എന്നൊരു പേരു കാണുന്നു. വേദപുസ്തകത്തിൽ (3 യോഹന്നാൻ 9-ാം വാക്യം) 'ദിയൊത്രെഫേസ്' എന്നാണു കാണുന്നത്. പുസ്തകത്തിന്റെ പുതിയ എഡിഷനിലും തിരുത്തൽ കാണുന്നില്ല. ഏതു വാക്കാണു ശരി?*
   ഉത്തരം: വി. വേദപുസ്തകത്തിലെ പേരുതന്നെയാണു ശരി. പുസ്തകത്തിൽ തിരുത്തൽ വരുത്തുക.
2. *മേൽപ്പറഞ്ഞ ഭാഗത്തുതന്നെ 'അവർ ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കുന്നു' എന്നു പറഞ്ഞിട്ട് 'അവർ അപകടകരമായ ഉപദേശങ്ങൾ പ്രചരിപ്പിക്കുന്നു' എന്നും പറഞ്ഞിരിക്കുന്നു. ഈ രണ്ടു വാചകങ്ങൾ എങ്ങനെ പൊരുത്തപ്പെടും? 'യേശുക്രിസ്തു ജഡത്തിൽ വന്നവൻ എന്നു സ്വീകരിക്കാത്ത വഞ്ചകന്മാർ' എന്നാൽ എന്താണർത്ഥം?*
   ഉത്തരം: 'അവർ ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാത്തവർ' എന്നു തിരുത്തി വായിക്കുക. 'യേശുക്രിസ്തു ജഡത്തിൽ വന്നവൻ എന്നു സ്വീകരിക്കാത്തവർ' എന്നാൽ 'ദൈവപുത്രന്റെ മനുഷ്യാവതാരം അംഗീകരിക്കാത്തവർ' എന്നാണർത്ഥം.
3. *അനുതാപത്തിന്റെ ദിവസം ഏത്? (ക്ലാസ് 10, വാല്യം 1, പേജ് 19)*
   ഉത്തരം: ആഴ്ചവട്ടത്തിന്റെ ക്രമീകരണം അനുസരിച്ച് തിങ്കൾ, ചൊവ്വ ദിവസങ്ങൾ അനുതാപത്തിന്റെ ദിവസങ്ങളായി കണക്കാക്കപ്പെടുന്നു. എന്നാൽ ഒരു വ്യക്തിക്ക് ഏതവസരത്തിൽ അനുതാപം ഉണ്ടായാലും വി. കുർബ്ബാന ചൊല്ലിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ട്.
4. *ശലോമോൻ രാജാവിനെ അഭിഷേകം ചെയ്തത് അബ്യാഥാർ എന്നെഴുതിയിരിക്കുന്നു. (ക്ലാസ് 7 പേജ് 36) എന്നാൽ വി. വേദപുസ്തകത്തിൽ സാദോക് പുരോഹിതൻ എന്നു കാണുന്നു (1 രാജാ. 1:39) ഏതാണ് ശരി?*
   ഉത്തരം: സാദോക് എന്നതാണ് ശരി. പുസ്തകത്തിൽ തിരുത്തൽ വരുത്തുക.
5. ദുഃഖവെള്ളിയാഴ്ച രാത്രി നമസ്കാരത്തിൽ എത്ര കൗമാകൾ ക്രമീകരിച്ചിട്ടുണ്ട് എന്നൊരു ചോദ്യം കഴിഞ്ഞ വർഷം 10-ാം ക്ലാസ്സിൽ ചോദിച്ചിരുന്നു. ശരിയായ ഉത്തരം എന്ത്?
   ഉത്തരം: നമ്മുടെ യാമപ്രാർത്ഥനകളിൽ രാത്രിപ്രാർത്ഥനയെ നാലു യാമങ്ങളായി തിരിച്ചിട്ടുണ്ട്. ഒന്നാം കൗമ, രണ്ടാം കൗമ, മൂന്നാം കൗമ, നാലാം കൗമ എന്നിങ്ങനെയാണ് തിരിച്ചിരിക്കുന്നത്. ദുഃഖവെള്ളിയാഴ്ച രാത്രിപ്രാർത്ഥനയും ഇങ്ങനെ തിരിച്ചിരിക്കുന്നു എന്നതുകൊണ്ട് നാലു കൗമാകൾ എന്നു പറയാം. എന്നാൽ ദുഃഖവെള്ളിയാഴ്ച നാലാം കൗമായുടെ അവസാനം മറ്റൊരു കൗമാപ്രാർത്ഥന ഉൾപ്പെടുത്തിയിരിക്കുന്നതുകൊണ്ട് ആ അർത്ഥത്തിൽ അഞ്ചു കൗമാ എന്നും പറയാം. (4, 5 എന്നീ രണ്ടുത്തരങ്ങൾക്കും മാർക്കു നൽകിയിരുന്നു.)



## റവ ഫാ. ഡോ. റ്റി.ജെ. ജോഷ്വ മലങ്കരയുടെ 'ഗുരുരത്നം'

സൺഡേസ്കൂൾ ഡയറക്ടർ ജനറലായി സുദീർഘകാലം സേവനം അനുഷ്ഠിച്ച ശ്രേഷ്ഠ ഗുരുവായ ബഹു. ഡോ. റ്റി.ജെ. ജോഷ്വാച്ചന് മലങ്കരസഭയുടെ 'ഗുരുരത്നം' എന്ന പദവി നല്കി പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ആദരിച്ചിരിക്കുന്നു. പ. വട്ടശ്ശേരിൽ തിരുമേനിയുടെ പെരുന്നാളിനോടനുബന്ധിച്ച് കോട്ടയം പഴയസെമിനാരിയിൽ നടന്ന ചടങ്ങിൽവച്ച് പ. ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ബഹു. അച്ചനെ അംഗീകാരം അണിയിച്ചു. ഒ.എസ്.എസ്.എ.ഇ.യുടെ സന്തോഷവും പ്രാർത്ഥനയും ബഹു. അച്ചന്റെ മുൻപിൽ സവിനയം സമർപ്പിക്കുന്നു.

## ഇനി OVBS നാളുകൾ

അവധിക്കാലം വിദ്യാർത്ഥികൾക്കു പ്രയോജനകരമായി ചെലവഴിക്കാനുള്ള തയ്യാറെടുപ്പോടെ OVBS 2016 എത്തുന്നു.

കെട്ടിലും മട്ടിലും പുതുമകളോടെയാണ് OVBS 2016 വരുന്നത്. പാഠങ്ങളുടെ ഘടന, പാഠപുസ്തകങ്ങൾ, പാഠ്യേതരപ്രവർത്തനങ്ങൾ, പഠന രീതികൾ, മെറ്റീരിയൽസ് എന്നിവയിലെല്ലാം വ്യത്യസ്ഥത ഉണ്ട്. ആറു ദിവസങ്ങളിലായി നടത്തപ്പെടുന്ന OVBS-ന് മൂന്നു ദിവസങ്ങളിലെങ്കിലും ഉച്ചകഴിഞ്ഞും പ്രവർത്തനങ്ങൾ ഉണ്ട്. ആത്മീയ വളർച്ചയോടൊപ്പം വിദ്യാർത്ഥികളുടെ സമഗ്രവ്യക്തിത്വവികസനവും ലക്ഷ്യമാക്കിയാണ് OVBS-ന്റെ കാര്യപരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്.

സങ്കീർത്തനം 43:4-നെ അടിസ്ഥാനമാക്കി 'ദൈവം എന്റെ പരമാനന്ദം (God is my greatest joy) എന്നുള്ളതാണ് ഈ വർഷത്തെ മുഖ്യചിന്താവിഷയം. വിവിധ വഴികളിലൂടെ ആനന്ദം കണ്ടെത്താൻ ശ്രമിക്കുന്ന ഇന്നത്തെ ലോകത്തിന് ഏറ്റവും വലിയ ആനന്ദം ദൈവത്തിലാണ് എന്ന ബോധ്യമുണ്ടാക്കുകയാണ് OVBS-ന്റെ പ്രധാന ലക്ഷ്യം.

ഈ വർഷം മുതൽ ഒരു ESO (External Supervisor of OVBS)-യുടെ സാന്നിധ്യമുണ്ട്. കേന്ദ്രത്തിന്റെ പ്രതിനിധിയായി OVBS യൂണിറ്റുകളിൽ ESO മുഴുവൻ സമയവും സേവനം അനുഷ്ഠിക്കും. ESO മാരെ ഓരോ ഭദ്രാസനത്തിലേക്കും തെരഞ്ഞെടുക്കുന്നത്, അതാത് ഭദ്രാസനത്തിലെ ഡയറക്ടർ, ഇൻസ്പെക്ടർ എന്നിവരുടെ സഹായത്തോടെ അതാത് ഭദ്രാസനത്തിലെ യൂണിറ്റുകളിൽനിന്നുമാണ്. ഒരു യൂണിറ്റിൽ എത്തുന്ന ഇ.എസ്.ഒ. അതേ യൂണിറ്റിലെ ആൾ ആയിരിക്കില്ല.

പാഠ്യേതരപ്രവർത്തനപരിപാടികളിൽ രോഗികളെ സന്ദർശിക്കുക, പ്രായമായവരെ സന്ദർശിക്കുക, സ്ഥാപനങ്ങൾ (കുട്ടികൾ, അനാഥർ മുതലായവരുടെ) സന്ദർശിക്കുക, പ്രാദേശിക ചരിത്രപഠനയാത്രകൾ, കൈയെഴുത്തു മാസിക/ഡോക്യുമെന്ററി/ഷോർട്ട് ഫിലിം എന്നിവ നിർമ്മാണം, പോസ്റ്റർ പ്രദർശനം, എക്സിബിഷൻ, സ്പോർട്സ് തുടങ്ങി നിരവധി കാര്യങ്ങൾ ഉണ്ട്.

കുട്ടികൾക്കു മാത്രമല്ല, അധ്യാപകർക്കും മറ്റെല്ലാ പ്രവർത്തകർക്കും OVBS എല്ലാവിധത്തിലും പ്രയോജനപ്പെടും തീർച്ച.

# പിന്നാമ്പുറം

പിന്നാമ്പുറത്തു കിടന്ന കൽപാത്രങ്ങളിൽ വെള്ളം വക്കോളവും നിറച്ചപ്പോൾ വീഞ്ഞാക്കിത്തീർത്തതുപോലെ വിസ്മൃതിയിലാണ്ടുകിടന്ന 'The Sunday School' എന്ന കൽഭരണിയിൽ വെള്ളം നിറച്ചുകൊണ്ടിരിക്കുകയാണ്. ഇതു വക്കോളവും നിറയ്ക്കണമെങ്കിൽ ഭൃത്യന്മാരായ നാം കഠിനാദ്ധ്വാനം നടത്തിയാൽ മാത്രമേ സാധിക്കുകയുള്ളു. വായനക്കാരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിൽ സന്തോഷിക്കുന്നു. RNI (Registrar of Newspaper of India) രജിസ്ട്രേഷൻ പുതുക്കിക്കിട്ടിയാൽ മാത്രമേ ചുരുങ്ങിയ ചെലവിൽ ഈ പ്രസിദ്ധീകരണം ഓരോരുത്തരുടെയും കൈകളിൽ തപാൽവഴി എത്തിക്കുവാൻ സാധിക്കുകയുള്ളു. അതുവരെ ഡയറക്ടർ, ഇൻസ്പെക്ടർ, ഹെഡ്മാസ്റ്റർ എന്നീ ശൃംഖലവഴി ഓരോ പള്ളികളിലെയും അദ്ധ്യാപകരുടെ കൈകളിൽ എത്തിക്കണം. ആർക്കെങ്കിലും ലഭ്യമാകാതെ വരുകയോ കാലതാമസം ഉണ്ടാകുകയോ ചെയ്താൽ മേൽപ്രസ്താവിച്ച ഉത്തരവാദപ്പെട്ടവരോട് ആരായണം. വരിക്കാരായവരുടെ പേരും മേൽവിലാസവും ഹെഡ്മാസ്റ്ററും ഇൻസ്പെക്ടറും കൃത്യമായി സൂക്ഷിക്കണം. പണം ബാങ്കിൽ അക്കൗണ്ടിൽ അടയ്ക്കുന്നവർ നിശ്ചയമായും അടയ്ക്കുന്ന ആളിന്റെ പേരും ഡിസ്ട്രിക്റ്റും സൺഡേസ്കൂളിന്റെ പേരും ബാങ്കിന്റെ സ്ലിപ്പിൽ രേഖപ്പെടുത്തണം. അതോടൊപ്പം ഒ.എസ്.എസ്.എ.ഇ.യുടെ കേന്ദ്ര ഓഫീസിലും അറിയിക്കണം. ചില സ്ഥലങ്ങളിൽനിന്നും അയച്ചിട്ടുള്ള പണം എവിടെനിന്ന് എന്നു മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല.

ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ, പ്രസിദ്ധീകരണത്തിനു യോഗ്യമായ ലേഖനങ്ങൾ, കുട്ടികളുടേതായിട്ടുള്ള ചിത്രരചനകൾ, കവിതകൾ എന്നിവ അയച്ചുതരണം. മാതാപിതാക്കളെയും ഇതിന്റെ വരിക്കാരാക്കിയാൽ ഹെഡ്മാസ്റ്റർമാർക്കു മാത്രം ലഭ്യമാകുന്ന സർക്കുലറുകൾ (മത്സരപ്പരീക്ഷകൾ, സഹപാഠ്യമത്സരങ്ങൾ)മോഡൽ ചോദ്യങ്ങൾ, ഇവ അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും ലഭ്യമാകും. Knowledge Transfer എന്ന വലിയ ലക്ഷ്യത്തിലേക്ക് 'The Sunday School' എത്തിച്ചേർന്നാൽ മാത്രമേ ഈ പ്രസിദ്ധീകരണത്തിന്റെ പുനർജനനംകൊണ്ടുള്ള ലക്ഷ്യം പ്രാപ്യമാകൂ.

ഈ ലക്കം പ്രസിദ്ധീകരണം സ്പോൺസർ ചെയ്തിരിക്കുന്നത് **Dubai St. Thomas Sunday School** ആണ്. ആ പള്ളി വികാരി, വന്ദ്യനായ **ഫാ. ഷാജി മാത്യൂസ്, ഹെഡ്മാസ്റ്റർ ബഹു. കെ.പി. പൗലോസ്**, സെക്രട്ടറി, അദ്ധ്യാപകർ, പള്ളി മാനേജിങ് കമ്മറ്റി അംഗങ്ങൾ എന്നിവരോടുള്ള പ്രത്യേക നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

**—ജോസഫ് അലക്സാണ്ടർ**
എക്സിക്യൂട്ടീവ് എഡിറ്റർ
email: joseph.alexander@outlook.com

ചോദ്യങ്ങൾ, സംശയങ്ങൾ, ലേഖനങ്ങൾ, കഥകൾ etc.
അയച്ചുതരേണ്ട വിലാസം:
The Editor, OSSAE, Devalokom, Kottayam-4
Email-thesundayschoolossae@gmail.com